25 years

Kandanad

Diocesan BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

Vol. 3 No. 9, 15 September 2015

എഡിറ്റോറിയൽ

# മതശുദ്ധീകരണം തോക്കുപയോഗിച്ചോ?

അടുത്ത കാലത്ത് ഇൻഡ്യയിൽ വർദ്ധിച്ചു വരുന്ന പീഡനങ്ങളും കൊലപാതകങ്ങളും സാംസ്കാരിക സമൂഹത്തെ ആകെ ആശങ്കയിലാക്കുന്ന തലത്തിലേയ്ക്ക് എത്തിച്ചിരിക്കുന്നു. കലാലയ രാഷ്ട്രീയത്തിലെ കയ്യാങ്കളികൾ, കക്ഷി രാഷ്ട്രീയത്തിലെ പകപോക്കലുകൾ, മതതീവ്രവാദം സൃഷ്ടിക്കുന്ന കൊലപാതകങ്ങൾ രാജ്യാതിർത്തി കടന്നെത്തുന്ന ഭീകരപ്രവർത്തനങ്ങൾ എന്നിവയെല്ലാം സൈ്വരജീവിതം ആഗ്രഹിക്കുന്നവരിൽ ഭീതി ജനിപ്പിക്കുന്നു. മതങ്ങൾ തമ്മിലുള്ള ശത്രുതയ്ക്കു പുറമെ സ്വന്തം മതത്തിന്റെ ഇരുളടഞ്ഞ അകത്തളങ്ങളിൽ വിവേകത്തിന്റെയും ശാസ്ത്രബോധത്തിന്റെയും യുക്തിചിന്തയുടെയും സമത്വഭാവനയുടെയുമെല്ലാം നറുവെളിച്ചമെത്തിക്കാൻ ശ്രമിക്കുന്നവർക്കെതിരെയുള്ള അതിക്രമങ്ങൾ അടിക്കടി കൂടി വരുന്നതും ഭീതിജനകമാണ്. ഇത്തരത്തിലുള്ള ഒരു സംഭവമാണ് 2015 ആഗസ്റ്റ് 30 ഞായറാഴ്ച രാവിലെ 8.40ന് നടന്ന നീചവും ക്രൂരവും ഹൃദയ ശൂന്യവുമായ മനുഷ്യക്കുരുതി. കർണ്ണാടകത്തിലെ ധാർവാറിൽ, അധ്യാപകനും മുൻവൈസ്ചാൻസലറും എഴുത്തുകാരുനുമായിരുന്ന പ്രൊഫ.കാൽബർഗിയുടെ കൊലയാണ് വിവക്ഷ. മതവിമർശകരോടും തിരുത്തൽവാദികളോടുമുള്ള അടങ്ങാത്ത അമർഷത്തിന്റെയും അസഹിഷ്ണുതയുടെയും തെളിവാണിത്. മതജീർണ്ണതയുടെ തിരുത്തൽ ശ്രമത്തിന് തോക്കിൻ കുഴലിലൂടെയുള്ള പ്രതികരണം. ഒരു ശിഷ്യൻ കാണാൻ ആഗ്രഹിക്കുന്നതായിഫോണിലൂടെ മുന്നറിവ് നൽകിക്കൊണ്ടാണ് രണ്ട് അപരിചിതർ അദ്ദേഹത്തെ വിളിച്ചിറക്കി നെറ്റിയിൽ നിറയൊഴിച്ചതെന്നോർക്കുമ്പോൾ സംഭവത്തിനു പിന്നിലെ വഞ്ചനയും വ്യക്തമാകുന്നു. ഹിന്ദുമതത്തിലെ ചില അന്ധവിശ്വാസങ്ങളെയും ദുരാചാരങ്ങളെയും അദ്ദേഹം നിശിതമായി വിമർശിക്കുകയും, വിഗ്രഹാരാധന, ഗണേശ ചതുർത്ഥി ആഘോഷം, അടിയാളസ്ത്രീകളെ കൊണ്ടുള്ള നഗ്നപൂജ മുതലായവയ്ക്കെതിരെ തുറന്നെഴുതുകയും ചെയ്തിരുന്നു. ഇതാണ് ഉഗ്രവാദികളായ ഹിന്ദുക്കളെ ചൊടിപ്പിച്ചത്. അദ്ദേഹത്തിന്റെ പ്രബല എതിരാളികളിൽ കോളജിൽ തന്റെ അധ്യാപകനായിരുന്ന വൃഷഭേന്ദ്രസ്വാമിയുമുണ്ടായിരുന്നു. ഈ പശ്ചാത്തലത്തിൽ അദ്ദേഹത്തിനു നൽകി വന്ന പോലീസ് സംരക്ഷണം അദ്ദേഹത്തിന്റെ ആവശ്യപ്രകാരം ഈയിടെ പിൻവലിക്കപ്പെട്ടിരുന്നു. ആ നിലക്ക് ഈ കൊലയ്ക്ക് പിന്നിലെ പ്രേരകശക്തി ഏതെന്നു സംശയിക്കേണ്ടതില്ല. പ്രൊഫ.കാൽബർഗിയുടെ ഉറ്റസുഹൃത്തും യുക്തിവാദിയുമായിരുന്ന ഗോവിന്ദ് പാൻസാരെ കഴിഞ്ഞ ഫെബ്രുവരി 20നും മറ്റൊരു യുക്തിവാദിനേതാവായിരുന്ന മഹാരാഷ്ട്രയിലെ നരേന്ദ്രദാബോദ്കർ പൂനയിൽ 2013 ആഗസ്റ്റ് 20 നും വെടിയേറ്റു മരിച്ചു. രണ്ടുപേരുടേയും ഘാതകരെ ഇതുവരെ പിടികൂടി നിയമത്തിനു മുമ്പിൽ കൊണ്ടുവരാത്തത് ഈ വധ പരമ്പര ഇനിയും തുടരുന്നതിന് പ്രോത്സാഹനമാകുമെന്നുറപ്പാണ്.

ഇപ്പറഞ്ഞതിൽ നിന്ന് ഹിന്ദുമതത്തിൽ മാത്രമേ അന്ധവിശ്വാസങ്ങളും അസമത്വങ്ങളും തീവ്രവാദവുമുള്ളു എന്നു ധരിക്കരുത്. സത്യത്തിന് ഹൈന്ദവരാണ് താരതമ്യേന മതസഹിഷ്ണുതയുള്ളവർ എന്നത് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ള വസ്തുതയാണ്. പാശ്ചാത്യ ശാസ്ത്രജ്ഞന്മാരിൽ പലരേയും അവരുടെ ശാസ്ത്രീയ സിദ്ധാന്തങ്ങളെയും കണ്ടുപിടുത്തങ്ങളെയും പ്രതി സഭാനേതൃത്വം കൽത്തുറുങ്കിൽ അടയ്ക്കുകയോ, വിധിക്കുകയോ ചെയ്തിട്ടുണ്ട്. അവരുടെ ശാസ്ത്രീയ പ്രവർത്തനങ്ങൾ മൂലം ക്രിസ്തീയ വിശ്വാസങ്ങൾക്ക് ഇളക്കം തട്ടുമോ എന്നുള്ള സഭാനേതാക്കന്മാരുടെ ഭയമാണ് ഈ പീഡനങ്ങൾക്കുകാരണം. ശിക്ഷയെ ഭയന്ന് തങ്ങളുടെ ശാസ്ത്രീയ നിരീക്ഷണ

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**മതശുദ്ധീകരണം തോക്കുപയോഗിച്ചോ?** ............ 1

**ശിക്ഷ കുറ്റവാളിയുടെ പരിവർത്തനത്തിന്-2** ............ 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**വധശിക്ഷ** ............ 5
ഇ. എ. കരുണാകരൻ നായർ

**നല്ല ശമേറിയനും അതല്ലാത്ത ഞാനും** ............ 7
ഡോ. ചാണ്ടി പോൾ

**സ്ത്രീ-പുരുഷ മനഃശാസ്ത്രം** ............ 8
ഫാ. അലക്സാണ്ടർ വട്ടയ്ക്കാട്ട്

**അനുഭവങ്ങൾ,വീക്ഷണങ്ങൾ, വിശദീകരണങ്ങൾ** ............ 11
ഫാ. എബ്രാഹാം കാരാമ്മേൽ

**യോഗയിലെ സൂര്യനമസ്കാരത്തിൽ ഒളിഞ്ഞിരിക്കുന്നത് മത മൗലികതയോ?** ....... 13
അഡ്വ. വർഗീസ് പി. തോമസ്

**വാർത്തകൾ, അറിയിപ്പുകൾ** ............ 16


ഫലങ്ങളെ പുറത്തു വിടാതിരുന്ന പുരോഹിതന്മാർ പോലുമുണ്ടായിരുന്നു. ഏതാനും വർഷങ്ങൾക്കു മുമ്പ് പെരുമ്പാവൂർ ടൗണിന്റെ മധ്യത്തിൽ പട്ടാപ്പകൽ മലങ്കര വർഗ്ഗീസ് എന്ന ഓർത്തഡോക്സ് സഭാംഗത്തെ വെട്ടിക്കൊലപ്പെടുത്തിയ കുറ്റം വാടകക്കൊലയാളികളെ ഏൽപ്പിക്കാൻ കഴിഞ്ഞാലും അതിന്റെ പാപഭാരത്തിൽ നിന്ന് ഒഴിവാകാൻ എതിർകക്ഷി നേതാക്കൾക്ക് സാധിക്കുകയില്ല. നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രതികൂലമായ കോടതിവിധികളെ നടപ്പിലാക്കാതെ സർക്കാരിൽ രാഷ്ട്രീയ സമ്മർദ്ദം ചെലത്തി അടഞ്ഞു കിടക്കുന്ന പള്ളികൾ തുറപ്പിക്കാതിരിക്കുന്നതും ഓർത്തഡോക്സ് പള്ളികൾ കയ്യടക്കി വച്ചിരിക്കുന്നതും യാക്കോബായ സഭയുടെ തീവ്രവാദ നിലപാടുമൂലമാണ്. ഭരണം നഷ്ടപ്പെടുമെന്നു ഭയന്ന് നേരിയ ഭൂരിപക്ഷം മാത്രമുള്ള സർക്കാരിന്റെ നിഷ്ക്രിയത്വം അതിന്റെ ഇച്ഛാശക്തിയില്ലായ്മയുടെയും അധാർമ്മികതയുടെയും തെളിവല്ലേ?

ഇൻഡ്യയിൽ ഭീകരവാദത്തിന്റെ ദുഷ്പേര് ഏറ്റവുമധികം ബാധിച്ചിട്ടുള്ള ജനസമൂഹം മുസ്ലീങ്ങളാണ്. പാകിസ്ഥാന്റെ പിന്തുണയോടെ സ്ഫോടന പരമ്പര മുതൽ പാർലമെന്റ് ആക്രമണം വരെയുള്ള ഭീകരപ്രവർത്തനങ്ങൾ ആസുത്രണം ചെയ്തു നടപ്പാക്കുന്നത് അവരാണെന്ന് തെളിഞ്ഞിട്ടുണ്ട്. ഈയിടെ ഇൻഡ്യയിൽ നുഴഞ്ഞുകയറിയ ധാരാളം ഭീകരരെ ഏറ്റുമുട്ടലിൽ ഇൻഡ്യൻ സൈന്യം വധിക്കുകയും രണ്ടു പേരെ ജീവനോടെ പിടികൂടുകയും ചെയ്തിട്ടുണ്ട്. മതമൗലികവാദവും ഇസ്ലാം മതത്തിൽ ശക്തമാണ്. ശരിയത്ത് നിയമങ്ങളിലെ പിതൃസ്വത്തവകാശം, വിദ്യാഭ്യാസം, വസ്ത്രധാരണം, പള്ളിആരാധന മുതലായ കാര്യങ്ങളിലെ ലിംഗപരമായ വിവേചനം എന്നിവയ്ക്കെതിരെ നിരന്തരം വാദിച്ചും എഴുതിയും പ്രസംഗിച്ചും മതപരിഷ്ക്കരണത്തിന് ശ്രമിച്ചു എന്ന 'മഹാകുറ്റം' ചുമത്തി 1993 ജൂലായ് മാസം 29 ന് ചേകന്നൂർ മൗലവിയെ ഒരു സംഘം മുസ്ലീം മതതീവ്രവാദികൾ തട്ടിക്കൊണ്ടുപോയി ശ്വാസം മുട്ടിച്ചു കൊലപ്പെടുത്തുകയുണ്ടായി. മതപരിഷ്ക്കരണത്തിനും തിരുത്തലിനുമൊക്കെ ശ്രമിക്കുന്നവരുടെ അനുഭവം എല്ലായിടത്തും ഇതൊക്കെത്തന്നെയാണ്. കാരണം മതനേതൃത്വംമിക്കപ്പോഴും മൗലികവാദികളുടെ നിയന്ത്രണത്തിലാണ്.

ലോകത്ത് എല്ലാം മാറ്റത്തിന് വിധേയമാണ്. മതങ്ങളും അതിനു പരുവപ്പെടേണ്ടതുണ്ട്. കാലത്തിനും, ദേശത്തിനും, വിവരത്തിനുമനുസരിച്ച് മതങ്ങളും, പരിവർത്തന വിധേയമായില്ലെങ്കിൽ അവയുടെ പ്രസക്തിനഷ്ടപ്പെടും. മതങ്ങളിലെ തെറ്റുകളും, കുറവുകളും ചൂണ്ടിക്കാണിക്കുന്നത് മതവിരോധം കൊണ്ടാണെന്ന് യഥാസ്ഥിതികരും മൗലികവാദികളും കരുതാറുണ്ട്. അതാണ് മതങ്ങൾക്കുള്ളിൽ ഭിന്നതയ്ക്കും അക്രമത്തിനും കാരണമായിത്തീരുന്നത്.

ലോകത്ത് സ്നേഹവും, സാഹോദര്യവും, ശാന്തിയും, പ്രഘോഷിക്കുന്ന മതങ്ങളും, ജനക്ഷേമവും രാജ്യപുരോഗതിയും ലോകസമാധാനവും, ലക്ഷ്യം വയ്ക്കുന്ന രാഷ്ട്രീയ കക്ഷികളും, അവരവരുടെ കർമ്മമേഖലകളിൽ പരസ്പരം ഇടപെടുമ്പോൾ സ്പർദ്ധയും, ഏറ്റുമുട്ടലും, ഹിംസയും വളരുന്നത് വിരോധാഭാസമല്ലേ? ഇതിനുള്ള പരിഹാരം ചർച്ചകളിലൂടെയും സഹകരണത്തിലൂടെയും പരസ്പരം മനസ്സിലാക്കി സ്വാർത്ഥതകൂടാതെ വാക്കിനൊത്തു പ്രവർത്തിക്കുന്നതിലൂടെയുമാണ് സാധ്യമാവുക.

മെത്രാപ്പോലീത്തായുടെ കത്ത്

# ശിക്ഷ കുറ്റവാളിയുടെ പരിവർത്തനത്തിന്-2

**ചെ**യ്ത കുറ്റത്തിന്റെ തീവ്രതയ്ക്ക് ആനുപാതികമായ ശിക്ഷ നൽകണമെന്ന് ശഠിക്കുമ്പോൾ ആ വ്യക്തി എന്തുകൊണ്ട് ആ കൃത്യം ചെയ്തു എന്നുകൂടി ചിന്തിക്കേണ്ടതുണ്ട്. കുറ്റകൃത്യത്തിനുള്ള സാഹചര്യങ്ങൾ: (1) ഒരു വ്യക്തിയുടേയോ സമൂഹത്തിന്റേയോ പ്രവൃത്തിയോ, നിലപാടോ, സമീപനമോ സൃഷ്ടിച്ച-പ്രകോപനം നിയന്ത്രണാതീതമായി പ്രകടിപ്പിച്ചതാകാം. (2) മത-രാഷ്ട്രീയ-വംശീയ പ്രത്യയ ശാസ്ത്ര സ്വാധീനത്തിൽ കുറ്റവാളി പ്രവർത്തിച്ചതാകാം. (3) വ്യക്തിപരമായ പക തീർക്കലാകാം. (4) ജനിതകമായോ, സാഹചര്യം കൊണ്ടോ അക്രമാസക്തി ഉള്ളവരുടെ സാന്ദർഭികമായ പ്രതികരണം ആകാം. (6) പണം വാങ്ങി അക്രമപ്രവൃത്തികൾ ഏറ്റെടുത്തതാകാം. ഓരോ ഗൗരവമുള്ള കുറ്റകൃത്യത്തിന്റേയും പശ്ചാത്തലം സമഗ്രമായ പഠനവും വിശകലനവും നടത്തിയാലേ വ്യക്തമാകുകയുള്ളൂ.

ടൈഗർ മേമനും, ദാവൂദ് ഇബ്രാഹിമും ഉൾപ്പെട്ട ബോംബെ കലാപത്തിൽ യാക്കൂബ് മേമന്റെ പങ്ക് പരിഗണിച്ചാണ് അയാൾക്ക് വധശിക്ഷ നൽകിയത്. എന്നാൽ 1990-ൽ ബാബറിമസ്ജിദ് തകർത്തതും, 1992-ൽ ബോംബെയിൽത്തന്നെ മുസ്ലീങ്ങൾക്കെതിരെ നടന്ന അക്രമങ്ങളും മുസ്ലീം സമുദായത്തിൽ സൃഷ്ടിച്ച അരക്ഷിതത്വബോധവും പ്രതികാരചിന്തയും അവരിൽ ചിലരെ തീവ്രവാദികൾ ആക്കുകയായിരുന്നു. നിരാശരും മാനസികമായി മുറിവേറ്റവരുമായ മുസ്ലീങ്ങളുടെ പ്രതിനിധികളായ ടൈഗർ മേമൻ തുടങ്ങിയവർ നടത്തിയ പ്രതികാരമാണ് 1993-ൽ ബോംബെയിൽ നടന്ന കൊലപാതക പരമ്പര. അതായത് 1993 ലെ അക്രമത്തെ അതിന്റെ പശ്ചാത്തലത്തിൽ നിന്ന് ഒറ്റപ്പെടുത്തി വിലയിരുത്തുമ്പോഴാണ് പ്രശ്നം. ജസ്റ്റിസ് ബി. എൻ. കൃഷ്ണയുടെ പ്രസിദ്ധീകരിക്കാത്ത റിപ്പോർട്ടിൽ നീതി ലഭിക്കാത്ത സമൂഹത്തിന്റെ പകതീർക്കലാണ് 1993-ലെ അക്രമങ്ങൾ എന്ന നിഗമനം മേമൻ സഹോദരന്മാരുടെയും ദാവൂദിന്റെയും നേതൃത്വത്തിൽ അരങ്ങേറിയ കൊലപാതക പരമ്പരയുടെ പശ്ചാത്തലം വ്യക്തമാക്കുന്നു. അനീതിയോടുള്ള തീവ്രമായ വൈകാരിക പ്രതികരണമായി ഈ സംഭവത്തെ കാണാൻ കഴിഞ്ഞാൽ ബോംബെ കലാപത്തിന്റെ സാമൂഹ്യ മനഃശാസ്ത്രം മനസ്സിലാകും. ഹിംസ തുടർഹിംസ സൃഷ്ടിക്കും എന്ന തത്വവും മറക്കാനാവില്ല. തീർച്ചയായും കൊല്ലപ്പെട്ട മിക്കവരും നിരപരാധികൾ ആയിരുന്നു. എന്നിരുന്നാലും അത് പ്രതിഹിംസയും പ്രതികാര പ്രവൃത്തിയുമായി വിലയിരുത്തിയാൽ വിഷയം അതിന്റെ സമഗ്രതയിൽ കാണാനാവും. എന്നാൽ ഇത് നാം പലപ്പോഴും ചെയ്യുന്നില്ല എന്നതാണ് വസ്തുത. അതിനു മുമ്പത്തെ അക്രമങ്ങളിലെ പ്രതികൾ ശിക്ഷിക്കപ്പെടാത്ത സാഹചര്യത്തിൽ അതുമൂലമുണ്ടായ തുടർ അക്രമങ്ങളിലെ കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നതിന്റെ ന്യായം കണ്ടെത്താൻ കഴിയുന്നുമില്ല. മത-രാഷ്ട്രീയ-പ്രത്യയശാസ്ത്ര-വർഗീയ കൊലപാതകങ്ങൾ വ്യക്തിപരമായി നടത്തുന്ന അക്രമങ്ങളിൽ നിന്ന് ഭിന്നവും സങ്കീർണ്ണവും വ്യത്യസ്ത സ്വഭാവമുള്ളവയുമാണ്. അതുകൊണ്ട് അവയുടെ ശിക്ഷാന്യായം കേവലം പീനൽകോഡിന്റെ പരിധിയിൽ ഒതുക്കി നിർത്താവുന്നതുമല്ല. സാമുദായിക-രാഷ്ട്രീയ-വംശീയ കലാപങ്ങളിലെ പ്രതികൾക്ക് നൽകുന്ന കടുത്ത ശിക്ഷ പലപ്പോഴും പ്രകോപനപരവും കൂടുതൽ അക്രമങ്ങൾക്ക് തുടക്കം കുറിയ്ക്കാവുന്നതുമാണ്.

മനുഷ്യന് വിവേകവും വിശകലനശേഷിയും നഷ്ടപ്പെടുകയും കടുത്ത വിദ്വേഷത്തിന് അടിമയാകുകയും വികാരം അവനെ ഭവിക്കുകയും ചെയ്യുമ്പോൾ വരും വരായ്കകൾ ആലോചിക്കാതെ അവൻ എന്തും ചെയ്യാം. ഇവിടെ വ്യക്തിയുടെ മനുഷ്യത്വം, വിവേകം എന്നിവ നിർജ്ജീവവും നിശ്ചലവും ആകുകയാണ്. ആ മനുഷ്യൻ ആ അവസ്ഥയിൽ ചെയ്യുന്ന കുറ്റകൃത്യത്തിന് എങ്ങനെ പൂർണ്ണ ഉത്തരവാദിയാകും. അയാളുടെ ജനിതകമായ സവിശേഷതകളും മത-സാമൂഹ്യ ചുറ്റുപാടുകളും ചേർന്നാണ് അയാളുടെ കുറ്റകൃത്യത്തിന് പശ്ചാത്തലം ഒരുക്കുന്നത്. വിദ്വേഷ-ആസക്തി-പ്രതികാര-ജനിതക സ്വാധീനങ്ങളില്ലാതെ ഒരു മനുഷ്യനും ഹീനവും ക്രൂരവും മനുഷ്യത്വരഹിതവുമായ കുറ്റകൃത്യങ്ങൾ ചെയ്യാനാവില്ല. ആ മനുഷ്യനെ പരിവർത്തന വിധേയമാക്കേണ്ട സമൂഹം വിധിയെഴുതുന്നത് ക്രൂരമല്ലേ?

18 വയസ്സിനു കീഴെയുള്ള കുറ്റവാളികൾക്ക് നിയമം സൗജന്യമനുവദിക്കുന്നത് അവർക്ക് തിരിച്ചറിവായിട്ടില്ല എന്നതിന്റെ അടിസ്ഥാനത്തിലാണ്. 18 വയസ്സ് കഴിഞ്ഞാൽ പിറ്റേന്നു മുതൽ എല്ലാവർക്കും തിരിച്ചറിവും പക്വതയും ധാർമ്മികബോധവും കൈവരുമെന്നുള്ളതിന് എന്തുശാസ്ത്രീയാടിസ്ഥാനമാണുള്ളത്? സത്യത്തിൽ 18 വയസ്സിൽ താഴെയുള്ളവരുടെ മാനസികാവസ്ഥയാണ് എല്ലാ കൊലപാതകികൾക്കും കടുത്ത ലൈംഗിക കുറ്റവാളികൾക്കുമുള്ളത്. അതായത് പക്വത പ്രത്യേക പ്രായപരിധിക്കകം കിട്ടണമെന്നില്ല. അതുകൊണ്ട് പക്വതയെത്താത്തവർക്ക് ലഭിക്കുന്ന സൗജന്യത്തിന് എല്ലാ കുറ്റവാളികളും അർഹരാണ് എന്നത് കേവല ന്യായം മാത്രമാണ്. 18 വയസ്സിൽ താഴെയുള്ളവരുടെ വൈകാരിക വിവേക അപക്വതയാണ് എല്ലാ കുറ്റവാളികൾക്കുമുള്ളത് എന്ന് ഓർക്കേണ്ടതാണ്.

കൂടാതെ അനീതി നിറഞ്ഞ ലോകത്ത് നീതി പുലരണമെന്ന് ചിന്തിക്കുന്ന തീവ്രവാദ ആദർശശാലികൾ കൊലപാതകങ്ങൾ നടത്തുന്നത് അതുവഴി സാമൂഹ്യനീതി കൈവരുത്തണമെന്ന പ്രതീക്ഷയിലാണ്. നക്സലൈറ്റ് വിപ്ലവകാരികൾ അക്രമങ്ങൾ അഴിച്ചു വിടുന്നത് വ്യക്തിപരമായ നേട്ടത്തിനോ പകപോക്കുന്നതിനോ അല്ല. നേരെ മറിച്ച് അനീതി വളരാൻ സാഹചര്യമൊരുക്കുന്നവരായി അവർ കണ്ടെത്തുന്നവരെ വകവരുത്തുന്നതുവഴി സമൂഹം നീതിനിഷ്ഠമാകുമെന്ന ചിന്തയിലാണ്. വഴിതെറ്റിയ ആദർശശാലികളാണവർ. റിച്ചാർഡ്നീബൂർ അവരെ വഴിതെറ്റിയ ആദർശശാലികൾ (Moral Man and Immoral Society-Page 270) എന്നാണ് വിളിക്കുന്നത്. കെ. വേണുവും, അജിതയും, സ്റ്റീഫനും ഫിലിപ്പുമെല്ലാം എത്രനല്ല മനുഷ്യരാണ് എന്ന് ഇന്നത്തെ സമൂഹം തിരിച്ചറിഞ്ഞു കഴിഞ്ഞു.

എന്നാൽ മതം, വർഗ്ഗം എന്നിവ സൃഷ്ടിക്കുന്ന തീവ്രവാദം ഒരുതരം ഭ്രാന്താണ്. മറ്റു മതപ്രസ്ഥാനങ്ങൾ തങ്ങളുടെ സ്വത്വത്തിനും മതജീവിതത്തിനും ഭീഷണി എന്നു ചിന്തിച്ച് അക്രമത്തിന് ഇറങ്ങിത്തിരിക്കുകയാണ്. അതിന് പ്രേരണ നൽകുന്ന മതനേതാക്കളുടെ ഇരകളാണ് ഈ കൂട്ടർ. ഇവരെ കൊലക്കുറ്റം ചുമത്തി ശിക്ഷിച്ചാൽ ഇവർ രക്തസാക്ഷികളും വിശുദ്ധരുമായി അവരുടെ സമുദായത്തിൽ അംഗീകരിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യും. അനിൽ നിബൂറിന്റെ നിരീക്ഷണം ശ്രദ്ധിക്കുക. 'The executions turn criminals in to martyrs, invite retaliatory strikes and enhance public opinion and fund-raising strategies of the terrorists. The threat of capital punishments does not deter terrorism. On the contrary, it increases the incidence of terrorism'. പണത്തിനുവേണ്ടി വാടക കൊലപാതകം നടത്തുന്നവർ വർദ്ധിക്കുന്നു എന്നത് സത്യമാണ്. അതിന്റെ പശ്ചാത്തലം നമ്മുടെ സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക-മത പരിസ്ഥിതി മാത്രമാണ്. അതിന് അവർക്ക് വധശിക്ഷ നൽകുന്നത് പരിഹാരമാവുകയില്ല. സമൂഹത്തിലെ മത-രാഷ്ട്രീയ-വ്യവസായ നേതാക്കന്മാർ ക്രിമിനൽ പശ്ചാത്തലം ഉള്ളവരുടെ സേവനം ഉപയോഗപ്പെടുത്തി കൊല, കവർച്ച, ലൈംഗിക പീഡനം തുടങ്ങിയവ നടത്തുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നവർ ഈ നാട്ടിൽ അധികാരവും സമ്പത്തും മതനേതൃത്വവും ഉള്ളവരാണ് എന്നത് ആർക്കാണ് അറിവില്ലാത്തത്. മലങ്കര വർഗ്ഗീസിനെ കൊലപ്പെടുത്തിയ കേസിൽ കുടുങ്ങിയവർ കൊലത്തൊഴിലാളികൾ മാത്രമാണ്. കൊല്ലിച്ചവർ ഇന്നും സ്വതന്ത്രരായി മത-രാഷ്ട്രീയ-സാമൂഹ്യനേതാക്കളുടെ ആദരവ് പിടിച്ചുപറ്റി കഴിയുന്നു. ഇതൊന്നും മനുഷ്യനെ ചിന്തിപ്പിക്കുന്നില്ല എന്നതാണ് കഷ്ടം! അഴിമതിക്ക് കൂട്ടുനിൽക്കാത്ത ഉദ്യോഗസ്ഥരെ വൻകിട കോർപറേറ്റുകൾ വാടകക്കൊലയാളികളെക്കൊണ്ട് ഒതുക്കുന്നതിന്റെ ചരിത്രങ്ങൾ സമകാലീന ഇന്ത്യൻ പശ്ചാത്തലത്തിൽ ധാരാളമുണ്ട്.

തെളിവു ലഭിച്ച കുറ്റവാളികളെ മാത്രം ശിക്ഷിക്കുന്ന പതിവ് പ്രതികാരനീതിയാണ്. ദീർഘകാല നിയമപാതയിലൂടെ സഞ്ചരിപ്പിച്ച് തൂക്കുകയറിൽ എത്തിക്കുന്ന കിരാതമായ മനുഷ്യമനസ്സിന്റെ പ്രതിഫലനമാണിത്. അനീതി നിറഞ്ഞ ലോകത്തിൽ തെളിവ് അവശേഷിപ്പിച്ച് കുറ്റകൃത്യം ചെയ്യുന്നവരെയും വേണ്ടവിധം കേസ് നടത്താൻ കഴിയാത്തവരെയും മാത്രം തൂക്കുകയറിൽ കുരുക്കുന്ന നിയമത്തിന്റെ ന്യായം എനിക്കു മനസ്സിലാകാത്ത കാര്യമാണ്. ട്രയൽ കോർട്ടിൽ വധശിക്ഷയ്ക്ക് വിധിക്കുന്നവരിൽ 50% പേർക്ക് അപ്പീലിൽ തടവുശിക്ഷയായി ഇളവു ലഭിക്കുന്നു. 25% പേർ കുറ്റവിമുക്തരാക്കപ്പെടുന്നു. സുപ്രീംകോടതിയിൽ എത്തുന്നവരിൽ 5% പേർ മാത്രമാണ് തൂക്കിലിടാൻ വിധിക്കപ്പെടുന്നത്. രക്ഷപെട്ടവർ കുറ്റം ചെയ്യാഞ്ഞിട്ടല്ല. ചെയ്തത് അപൂർവ്വകുറ്റകൃത്യം അല്ലാഞ്ഞിട്ടുമായിരിക്കണമെന്നില്ല. സാങ്കേതികവും അല്ലാത്തതുമായ കാരണങ്ങളാലാണ് രക്ഷപെടുന്നത്. അപൂർവ്വ, ക്രൂര, കുറ്റകൃത്യങ്ങൾ ചെയ്ത ഒരു ശതമാനത്തിൽ കുറവ് കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നത് ചെയ്ത കുറ്റത്തിന്റെ ഗൗരവത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല, മറ്റുപല ഘടകങ്ങളുടേയും മാനദണ്ഡത്തിലാണ്. ഇവിടെയാണ് നൈതീകതയുടെ ന്യായം ചോദ്യം ചെയ്യപ്പെടുന്നത്.

ഇപ്പോഴത്തെ വ്യവസ്ഥിതിയിൽ അർഹരാണ് എങ്കിലും വധശിക്ഷ ലഭിക്കാത്തവർ ആരൊക്കെയാണെന്ന് നോക്കാം: (1) തെളിവ് അവശേഷിപ്പിക്കാതെ ആസൂത്രിതമായി കുറ്റകൃത്യം ചെയ്യുന്നവർ. (2) വൈവിധ്യമുള്ള പ്രൊഫഷണൽ കൊലയാളികളെ ഉപയോഗപ്പെടുത്തുന്നവർ. (3) കോടതികളിൽ മികച്ച അഭിഭാഷകരെ ഏർപ്പെടുത്തുന്നവർ (4) രാഷ്ട്രീയ നേതാക്കൾ, രാഷ്ട്രീയ-പൊലീസ്-സാമുദായിക സ്വാധീനമുള്ളവർ. (5) സമൂഹത്തിൽ അനുകൂലമായ പിന്തുണ സൃഷ്ടിക്കുവാൻ സാധിക്കുന്നവർ. (6) മാധ്യമങ്ങളെ സ്വാധീനിച്ച് സമൂഹത്തെ കൂടെ നിർത്താൻ കഴിയുന്നവർ ഇവരെല്ലാം കടുത്തശിക്ഷയിൽ നിന്ന് ഒഴിവാകുന്നു. എന്നാൽ ശിക്ഷിക്കപ്പെടുന്ന പലരും ഇതിനൊന്നും കഴിയാത്തവരാണ്.

ചുരുക്കത്തിൽ കുറ്റകൃത്യം ആസൂത്രിതമായി ചെയ്യാൻ കഴിയാത്തവർ അതു ചെയ്തശേഷം വിദഗ്ദ്ധമായി കാര്യങ്ങൾ നീക്കാൻ മാർഗ്ഗമില്ലാത്തവർ, മാധ്യമ-പൊതുജന സ്വാധീനത്തിന് (manipulation) കഴിയാത്തവർ എന്നിവർക്കാണ് മരണക്കുരുക്ക് മുറുകുന്നത്. അതായത് സാമർത്ഥ്യവും സമ്പത്തും ആസൂത്രണശേഷിയും സ്വാധീനവുമുള്ളവർ രക്ഷപെടുകയും അവയില്ലാത്തവർ മരണശിക്ഷയേൽക്കുകയും ചെയ്യുന്ന ഒരു നീതി ന്യായ വ്യവസ്ഥിതിയിൽ വധശിക്ഷയുടെ നീതീകരണം പ്രശ്നമാണ്. *(തുടരും)*

സസ്നേഹം

നിങ്ങളുടെ
അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

പ്രതികരണം

# വധശിക്ഷ

**ഇ.എ. കരുണാകരൻ നായർ**

കണ്ടനാട് ഡയോസിസൻ ബുള്ളറ്റിനിലെ മുഖപ്രസംഗങ്ങളും, ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് പേരുവച്ചെഴുതുന്ന കത്തുകളും മിക്കതും ഞാൻ വായിക്കാറുണ്ട്. പൊതുവെ പറഞ്ഞാൽ ഒരു പുരോഹിതന്റെയോ രൂപതാദ്ധ്യക്ഷന്റേയോ കുറിപ്പുകളിൽ മതത്തിന്റെ സങ്കുചിത വീക്ഷണമോ, ആ വ്യക്തിയുടെ ആത്മനിഷ്ഠയൊ ആണ് പ്രതിഫലിക്കുക. എന്നാൽ ഇതുവരെ ഞാൻ വായിച്ചിട്ടുള്ള 'മെത്രാപ്പോലീത്തായുടെ കത്തു'കളിൽ വസ്തുനിഷ്ഠമായ കാഴ്ചപ്പാടുകളും വിലയിരുത്തലുമേ കണ്ടിട്ടുള്ളു. അതിൽ ഞാൻ മനസ്സാ ലേഖകനെ അഭിനന്ദിച്ചിട്ടുണ്ട്.

എന്നാൽ വധശിക്ഷയെക്കുറിച്ചുള്ള ഇത്തവണത്തെ ലേഖനം എന്നെ അത്ഭുതപ്പെടുത്തി. എല്ലാ കൊലപാതകികൾക്കും വധശിക്ഷ കൊടുക്കണമെന്ന് അഭിപ്രായം എനിക്കില്ല. കടുത്ത മദ്യപാനത്തിനു ശേഷം ദിവസവും വീട്ടിൽ വന്ന് ഭാര്യയെ മർദ്ദിക്കുന്ന ഭർത്താവിനേയോ, മക്കളെ മർദ്ദിക്കുന്ന പിതാവിനേയോ, മാതാപിതാക്കളെ മർദ്ദിക്കുന്ന മകനേയോ കരുതിക്കൂട്ടി കൊന്നാലും ആ കുറ്റത്തിനു വധശിക്ഷ നൽകേണ്ടതില്ല. ഇതേ ഗണത്തിൽപ്പെട്ടതല്ലെങ്കിലും പ്രതിയുടെ ജീവൻ സ്റ്റേറ്റ് എടുക്കേണ്ടതില്ലാത്ത കൊലപാതകങ്ങൾ പലതുണ്ട്.

എന്നാൽ നിരപരാധികളായ നൂറുകണക്കിനു പുരുഷൻമാരെയും സ്ത്രീകളെയും കുട്ടികളെയും നിഷ്കരുണം കരുതിക്കൂട്ടി കൊന്നൊടുക്കുകയോ, അതിനു ഗൂഢാലോചന നടത്തി ഒത്താശ ചെയ്യുകയോ, ചെയ്യുന്ന ഒരു വ്യക്തിക്ക് നിരവധി പിഞ്ചുബാലികമാരെ ലൈംഗിക പീഡനത്തിനു വിധേയരാക്കിയ ശേഷം കൊന്നുകളയുന്ന മറ്റൊരു വ്യക്തിക്ക് വധശിക്ഷ നൽകരുത് എന്ന് വാദിച്ചാൽ എന്നെപ്പോലൊരു സാധാരണ പൗരന്, വലിയ അറിവും വിവരവുമൊന്നുമില്ലാത്ത സാമാന്യമനുഷ്യന്, ദഹിക്കാൻ പ്രയാസം

ആ പ്രതിക്ക് (കുറ്റവാളിയെന്ന് ആരോപിക്കാൻ വയ്യല്ലോ!) ജീവപര്യന്തം തടവു ശിക്ഷ കൊടുത്ത് ദിവസവും ഗീതയോ സത്യവേദപുസ്തകമോ ഖുർആനോ, ഏതെങ്കിലും സ്വാമിയോ പാതിരിയോ മൗലവിയോ വായിച്ചുകൊടുത്താലും മനഃപരിവർത്തനമുണ്ടാകുമോ? (ഗീതയെന്നു പറഞ്ഞത് ഞാനിങ്ങെടുത്തു. എതിർപക്ഷത്തു നിൽക്കുന്നത് അച്ഛനോ മുത്തച്ഛനോ, അമ്മാവനോ മകനോ ഗുരുനാഥനോ ആരായാലും, എന്തു കാപട്യം പ്രയോഗിച്ചും എന്തധർമ്മം ചെയ്തും തട്ടിക്കളയാമെന്ന് ഗീതോപദേശമുണ്ട്. പിന്നീട് അതിനെല്ലാം ന്യായം കണ്ടെത്താനും കഴിയും. എല്ലാം കഴിഞ്ഞ് ധർമ്മയുദ്ധമെന്നു ഘോഷിക്കുകയും ചെയ്യാം. ഇന്ത്യയിലെ ഇന്നത്തെ രാഷ്ട്രീയ കക്ഷിനേതാക്കളുടെ പരമാചാര്യനെന്ന് ശ്രീകൃഷ്ണനെ വിശേഷിപ്പിക്കാം.) ആ പ്രതിക്കു വധശിക്ഷ കൊടുക്കുന്നത് കണ്ണിനു കണ്ണ്, തലയ്ക്കു തല, എന്ന സൗദി അറേബ്യൻ നീതിക്കു സമാനമാണെന്ന് ആർക്ക് എങ്ങനെ വാദിക്കാൻ കഴിയും? (മെത്രാപ്പോലീത്ത വാദിച്ചെന്നല്ല പറയുന്നത്) അവർ അർഹിക്കുന്നത് വധശിക്ഷ മാത്രമാണ്. അതിനെ സ്റ്റേറ്റിന്റെ പ്രതികാരമെന്നോ ഭരണത്തിനുള്ള രാഷ്ട്രീയ കക്ഷിയുടെ പക തീർക്കലെന്നോ, ന്യൂനപക്ഷങ്ങൾക്കു നേരെയുള്ള പീഡനമെന്നോ, വിവേചനമെന്നോ ആരോപിക്കുന്നത് മിതമായ ഭാഷയിൽ പറഞ്ഞാൽ – നിന്ദ്യമാണ്.

ഇവിടെ കുറെ മതേതരക്കാരും ബുദ്ധിജീവികളും ഇറങ്ങിയിട്ടുണ്ട്. (അവരിൽ കൂടുതൽപേരും ഹിന്ദുവിഭാഗത്തിലുള്ളവരാണ്. (മതമെന്ന വാക്കുപയോഗിക്കാത്തത് മനപൂർവ്വമാണ്. ഹിന്ദു എന്നൊരു മതമുണ്ടോ? അതിന്റെ സ്ഥാപകനാരാണ്? ബ്രാഹ്മണമതമല്ലേ ഉള്ളത്? എന്നൊക്കെ ആരെങ്കിലും ചോദിച്ചാൽ ഞാൻ ചുറ്റിപ്പോകും). അവർ പ്രതിയുടെ മനുഷ്യാവകാശങ്ങളെച്ചൊല്ലി കണ്ണീർ പൊഴിക്കുന്നു, വാചാലരാകുന്നു. നന്ന്. (ഇവിടെ പുണ്യവാന്മാരുടെ സംഖ്യ വർദ്ധിച്ചു വരുന്നുണ്ട്.) പക്ഷേ ഇവരാരും അമ്മയുടെ മടിയിലിരുന്ന് മുലകുടിക്കുമ്പോൾ സ്ഫോടനത്തിൽ ചിതറിപ്പോയ ആറുമാസം പ്രായമുള്ള കുഞ്ഞിനെ കാണുന്നില്ല. അമ്മയെ കാണുന്നില്ല. ആ അമ്മയ്ക്കും കുഞ്ഞിനും മനുഷ്യാവകാശങ്ങളില്ലേ? (ഇല്ല! ഈ പുണ്യ–പുരാതന–ആർഷ ഭൂമിയിൽ കൊല്ലുന്നവന്റെ ജീവനാണ് വില. അവനാണ് മനുഷ്യാവകാങ്ങളുള്ളത്. കൊല്ലപ്പെടുന്നവന്റെ ജീവന് പുല്ലുവില. അവന് മനുഷ്യാവകാശങ്ങളുണ്ടെന്നു വല്ലവനും പറഞ്ഞാൽ പറയുന്നവന്റെ നാവരിയണം! തീരാദുഃഖത്തിലും നിരാശ്രയത്വത്തിലുമായ മരണപ്പെട്ടവന്റെ സ്വന്തക്കാർക്കുമില്ല മനുഷ്യാവകാശങ്ങൾ!!)

പ്രതിക്കു വധശിക്ഷ നല്കിയാൽ നീതി നടപ്പാക്കുമോ എന്ന് ചിലർ ചോദിക്കുന്നുണ്ട്. എന്താണു നീതി? ആരാണതു നിർണ്ണയിക്കുന്നത്?

കൊല്ലങ്ങൾക്കു മുമ്പ് തൃപ്പൂണിത്തുറയ്ക്കടുത്ത് സ്കൂളിൽ നിന്നു മടങ്ങിവരുന്ന ബാലികയെ ബലാത്സംഗം ചെയ്തുകൊന്ന അയൽവാസിയായ യുവാവിനെ, അവൻ പരോളിൽ വന്ന സമയം, പെൺകുട്ടിയുടെ അച്ഛൻ വെടിവച്ചുകൊന്നിട്ടു ജയിലിൽ പോയ സംഭവമുണ്ടായിട്ടുണ്ട്. ആ പ്രതികാരവും ഒരു വിധത്തിൽ നീതി നടപ്പാക്കലല്ലേ?

കരുതിക്കൂട്ടി കൊല്ലുന്നവൻ വധിക്കപ്പെടാനും തയ്യാറായിരിക്കണം. അല്ലാതെ, 'ഞാനൊന്നും ചെയ്തില്ലേ, എന്നെ രക്ഷിക്കണേ', എന്നു കേഴുകയല്ല വേണ്ടത്. കൊലയാളികൾ കുറ്റം സമ്മതിക്കാറില്ല. ഇന്ദിരാഗാന്ധിയെ നിരവധിപ്പേരുടെ കൺമുമ്പിൽ വച്ചു വധിച്ച ഘാതകൻപോലും താനതു ചെയ്തില്ലെന്നാണു കോടതിയിൽ പറഞ്ഞത്. എന്റെ അറിവിൽ സ്വമേധയാ കുറ്റം സമ്മതിച്ച ഒരു ഘാതകനേയുള്ളു- ഗാന്ധിജിയെ വധിച്ച ഗോഡ്സേ- 'ഞാനാണതു ചെയ്തത് എനിക്കതിനു തക്കതായ കാരണങ്ങളുണ്ട്' എന്നു പറഞ്ഞ് കോടതിയിൽ ആ കാരണങ്ങൾ വിശദമാക്കുകയും ചെയ്തു അയാൾ. തനിക്കു വധശിക്ഷ നടപ്പിലാക്കാൻ വൈകുന്നതു കണ്ട് അയാൾ ജയിലറോട് അക്ഷമനായി സംസാരിച്ചു. 'നിങ്ങളെന്താണെന്നെ ഇതുവരെ തൂക്കിലേറ്റാത്തത്? ഞാനൊരു മനുഷ്യന്റെ ജീവനെടുത്തു. അതുകൊണ്ട് ഞാൻ ജീവിക്കാൻ അർഹനല്ല. എന്നെ തൂക്കാൻ വൈകുന്ന ഓരോ നിമിഷവും ഇന്ത്യയിൽ ജീവിക്കാൻ അർഹതയുള്ള ഒരു പൗരന്റെ റേഷൻ തട്ടിപ്പറിക്കുകയാണ് ചെയ്യുന്നത്. അത് അധർമ്മമാണത്.' അതാണ് ആർജ്ജവം.

മനുഷ്യാവകാശങ്ങളെക്കുറിച്ചും നീതിയെക്കുറിച്ചും മറ്റും മേമന്റെ വധത്തോടനുബന്ധിച്ചു പലരും മാധ്യമങ്ങളിൽ വാചാലരായതുകണ്ട് എനിക്കു ചിരിയാണു വന്നത്. ക്രിസ്തുവിന്റെ അനുയായികളെന്ന് അവകാശപ്പെടുന്നവരിൽ ഒരു വിഭാഗം മറ്റു വിഭാഗത്തിൽപ്പെട്ട രണ്ടു പേരെ കൊന്നത് പെരുമ്പാവൂരിലും എറണാകുളത്തുമാണെന്നാണ് എന്റെ ഓർമ്മ. (ഫ്രാൻസിൽ 1972-ൽ പ്രൊട്ടസ്റ്റന്റുകാരായ ഹ്യൂഗനോട്ടുകളെ കത്തോലിക്കർ കൂട്ടക്കൊല ചെയ്തതും ഇതോടു കൂട്ടി വായിക്കാം.)ഒരു വിഭാഗത്തിൽപ്പെട്ട മൃതരുടെ ദേഹങ്ങൾ ബന്ധപ്പെട്ട പള്ളികളിൽ അടക്കം ചെയ്യാൻ വിരോധിച്ച എതിർ വിഭാഗത്തിൽ പെട്ടവരെപ്പറ്റി പല തവണ പത്രങ്ങളിൽ വന്നിരുന്നു.

സുപ്രീംകോടതിവിധിയിൽ ന്യായവും നീതിയുമില്ലെന്നും അതുകൊണ്ടു സ്വീകരിക്കാൻ ഞങ്ങൾ തയ്യാറല്ലെന്നും പറഞ്ഞ് പള്ളിപിടിക്കാൻ തെരുവിൽ സമരവും സത്യാഗ്രഹവും നടത്തിയ ഒരു സഭാ(വിഭാഗ)മേധാവിയേയും അതിനെ എതിർത്തു സത്യാഗ്രഹ സമരം നടത്തിയ മറുവിഭാഗത്തിന്റെ രൂപതാമേധാവിയേയും കേരളീയർ കണ്ടതാണ്. ഞാനിതേപ്പറ്റി പറഞ്ഞപ്പോൾ "ഞങ്ങളുടെ മതവിഷയത്തിൽ ഇതരമതക്കാരായ നിങ്ങൾക്ക് ഇടപെടാൻ എന്തവകാശം?" എന്നു ക്ഷോഭിച്ച ഒരു വന്ദ്യവയോധിക സുഹൃത്തിനോടു ഞാൻ പറഞ്ഞു. "ഈ രാജ്യത്തെ ഏതൊരു പൗരനും അതിനെ വിമർശിക്കാനും അതിൽ ഇടപെടാനും അവകാശമുണ്ട്. നാട്ടിലെ ക്രമസമാധാന പ്രശ്നമായി നിങ്ങളുടെ തർക്കം വളർന്നിരിക്കുന്നു. കളക്ടറും പോലീസും ഇടപെടേണ്ടി വന്നിരിക്കുന്നു. നിങ്ങളുടെ അടി തീർക്കുന്നതിനു വേണ്ടി പൊതുഖജനാവിൽ നിന്ന് പണം വ്യയം ചെയ്യുന്നു. സ്റ്റേറ്റ് നിയമിച്ചിരിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ വിലപ്പെട്ട സമയമത്രയും പാഴാക്കേണ്ടി വരുന്നു. അതിൽ ഏതൊരു പൗരനും പ്രതിക്ഷേധിക്കാം."

പറയാൻതുടങ്ങിയാൽ ശാഖാചംക്രമണം ചെയ്ത് അങ്ങനെ പോകും. നീതിയെപ്പറ്റിയുംമനുഷ്യാവകാശങ്ങളെപ്പറ്റിയും ആർജ്ജവത്തോടെ സംസാരിക്കാൻ ധാർമ്മികാവകാശമുള്ള പത്തുപേരെങ്കിലും ലോകത്ത് ഇന്നുണ്ടോ? മുസ്ലീം തീവ്രവാദവും അമേരിക്കയുടെ അധിനിവേശങ്ങളും അതിക്രമങ്ങളുമാണ് ലോകസമാധാനത്തിനുള്ള ഭീഷണികളിൽ പ്രധാനപ്പെട്ടവ.

ഇന്ത്യക്കാർ പണ്ടുമുതലേ ഭീരുക്കളും ഷണ്ഡന്മാരുമാണ് അതുകൊണ്ടാണ് വിദേശശക്തികളുടെ ആക്രമണങ്ങൾക്കും അധിനിവേശങ്ങൾക്കും പലതവണ ഈ നാട് ഇരയായത്. ശക്തിയുള്ള ഒരു ഭരണാധികാരിയെ മാത്രമേ സ്വതന്ത്ര ഇന്ത്യ ഇന്നോളം കണ്ടിട്ടുള്ളു. അത് ഇന്ദിരാഗാന്ധിയാണ്. ബാക്കിയുള്ളവരൊക്കെ-ജവഹർലാൽ നെഹ്രു മുതൽ നരേന്ദ്രമോദി വരെ-ശുദ്ധ ഷണ്ഡന്മാരാണ്, നെഹ്രുവിന്റെ പിഴച്ച നയങ്ങൾമൂലമാണ് നിതാന്തശല്യമായി കാശ്മീർ പ്രശ്നം വളർന്നത്.

സംശയാതീതമായി കുറ്റം തെളിഞ്ഞാലും, അർഹിക്കുന്ന ശിക്ഷ കൊടുക്കരുതെന്നാണ് പലരും വാദിക്കുന്നത്. ലോകരെ മുഴുവൻ ബോധ്യപ്പെടുത്താൻ ശ്രമിച്ചാലും പിന്നെയും പിന്നെയും ചോദ്യങ്ങളുമായി തത്പരകക്ഷികൾ തലയുയർത്തുകയും ചെയ്യും. അമ്മയെ തല്ലിയാലും രണ്ടു പക്ഷമെന്നു കേട്ടിട്ടുണ്ട്. അമ്മയെ തല്ലിയതു മഹാപാപമായെന്ന് ഒരുമകൻ പറഞ്ഞാൽ അമ്മയ്ക്കു രണ്ടു തല്ലുകിട്ടേണ്ടത് അത്യാവശ്യമായിരുന്നെന്ന് മറ്റേമകൻ പറയും!

പാപപുണ്യങ്ങളെ വ്യവച്ഛേദിക്കാൻ ദൈവങ്ങൾക്കുപോലും കഴിഞ്ഞിട്ടില്ല. എല്ലാം പൊറുക്കുന്നവനാണ് ദൈവമെന്നു പറയുന്നത് ഭോഷ്കാണ്. ആ നീതികാണിച്ച് ആരാധനാലയങ്ങളിൽ തമ്പടിച്ചവരെ യേശു ചാട്ടവാറുകൊണ്ട് അടിച്ചോടിച്ചുവെന്നു കേട്ടിട്ടുണ്ട്. പാപത്തിന്റെ കനി തിന്നുവെന്ന് ആരോപിച്ച് ആദംഹവ്വമാരെ യഹോവ ഏദൻതോട്ടത്തിൽ നിന്ന് നിഷ്കാസനം ചെയ്യുകയും പ്രേരണാകുറ്റം ചുമത്തി സ്ത്രീയെ "നീ മക്കളെ നൊന്തുപ്രസവിക്കു"മെന്ന് ശപിക്കുകയും ചെയ്തു എന്ന് പഴയ നിയമത്തിൽ കാണുന്നു. അറിവിന്റെ ഫലം തിന്ന ആദി പുരുഷനെയും സ്ത്രീയെയും കുറ്റക്കാരെന്നു വിധിച്ച യഹോവ നീതിമാനായിരുന്നോ? (യഥാർത്ഥത്തിൽ വിഡ്ഢികളുടെ സ്വർഗ്ഗമായ ഏദനിൽ ഒന്നും അറിയാതെ കഴിയാൻ മണ്ടനായ ആദത്തിനിഷ്ടമായിരുന്നെങ്കിലും ബുദ്ധിമതിയായ ഹവ്വക്ക് ഇഷ്ടമായിരുന്നില്ല. ജന്മപാപമുണ്ടെന്നു പറയുന്നു. നിങ്ങൾ പാപികളെന്ന് ആവർത്തിച്ചു പറയുന്നു.

കവിത

# നല്ല ശമേറിയനും അതല്ലാത്ത ഞാനും

**ഡോ. ചാണ്ടി പോൾ**

അതിരഥന്മാരരങ്ങൊഴിഞ്ഞെങ്കിലും
അതിവിദഗ്ദ്ധ തേരോട്ടവും ചാണക്യ
കിതവതന്ത്രവും ഭരണയന്ത്രം തിരി-
ച്ചതുല വേഗത്തിലോടിച്ചിടുമ്പൊഴും
ചുടുനെടുവീർപ്പു പൊങ്ങുവതെങ്ങുനി,
ന്നിടവിടാതുള്ള ഗദ്ഗദമെങ്ങുനി,
ന്നടിപെടുന്നവനാരെന്നു നോക്കുവാ-
നിടയെനിക്കില്ല, തൻകാര്യമെന്നിയേ
പരിഗണിക്കുവാനൊന്നുമില്ലെന്നെന്റെ
'പരിണതപ്രജ്ഞ'കാതിലോതുന്നുവോ!

ജറുസലേമിൽനിന്നൊരുവൻ പുറപ്പെട്ടു
'ജറികൊ'യാണു ചെന്നെത്തേണ്ട പട്ടണം
വിജനവീഥിയിൽ തസ്കരന്മാർ കവർ-
ന്നവശനാക്കിയ പാവം പഥികനെ
അതുവഴി വന്ന വൈദിക നവഗണി-
ച്ചതു മതേപടി 'ലേവിയൻ' പോയതും
ഒരു കുറുങ്കഥ-'നല്ല ശമേരിയൻ'
പെരുവഴിയിലജ്ഞാതനാമവശനെ
പരിചരിച്ചു, പണം നല്കി, യേശുവി-
ന്നരുളിൽമിന്നിനില്ക്കുന്നതാണിക്കഥ.

തെരുവിൽവാഹനം തട്ടിത്തലതകർ-
ന്നൊരുവ നാരും തിരിഞ്ഞു നോക്കീടാതെ-
കുരുതിയിൽ ഞരങ്ങീടവേ ഞാനുമ-
ന്നൊരു വെറും കാഴ്ചകണ്ടു മടങ്ങിയോൻ!
കരുണ കാട്ടുവോ നൊന്നാംപ്രതിയെന്നു
വരികി ലാരുണ്ടനർത്ഥം വരിക്കുവാൻ!

അവൾ അയൽക്കാരി, തരുണി, യാരൊപിടി-
ച്ചവമതിക്കാൻ തുനിഞ്ഞു പാവത്തിനെ.
കവലയിൽ, ജനംനോക്കി നിസ്സംഗം, അ-
ന്നവിടെയും കണ്ണിമയ്ക്കാതെ നിന്നു ഞാൻ!

കുടിലുകൾ പൊളിച്ചെറിയുന്നു, രാഷ്ട്രീയ-
കൊടികളവിടത്തിലുയരുന്നു, പാവങ്ങ-
ളുടമകൾ ചെറുത്തുറയുന്നു, വാർത്തകൾ
ക്കിടയിൽ ഇതും ഉറങ്ങിക്കിടന്ന ഞാൻ
അക്രമത്തിന്നിരയായ കുഗ്രാമ-
മക്കളോടൊത്തു മാറത്തലയ്ക്കവേ
കാക്കിവേഷങ്ങൾ കൈകെട്ടി നില്ക്കുന്ന
പേക്കിനാവീന്നുണർന്നുപൊടുന്നനെ.

1. ജറികൊ- Jerico ('യറീഹോ' എന്നു മലയാള പുസ്തകങ്ങളിൽ കാണുന്നതു തെറ്റല്ല. ലത്തീൻ പോലുള്ള ചില ഭാഷകളിൽ 'J'എന്ന അക്ഷരം 'Y' എന്നുച്ചരിക്കാറുണ്ട്. ഉദാ: Jesus - യേസൂസ്
2. ലേവിയൻ - ലേവിയക്കാരൻ
3. നല്ല ശമേറിയൻ - യേശുവിന്റെ പ്രസിദ്ധമായ കുറുങ്കഥകളിൽ ഒന്ന്.

---

യഥാർത്ഥത്തിൽ ആരും പാപികളായി ജനിക്കുന്നില്ല. ജനനം പുണ്യമാണ്. സ്ത്രീ-പുരുഷവേഴ്ച പുണ്യപ്രവൃത്തിയാണ്. പങ്കാളികളിൽ പാപബോധം അടിച്ചേൽപ്പിക്കുന്നതിനു പിന്നിൽ സ്ഥാപിത താല്പര്യങ്ങളുണ്ട്.

അള്ളാഹുവും ശത്രുക്കളെ, ചുവന്ന പരവതാനി വിരിച്ചു സ്വീകരിക്കാൻ ഉപദേശക്കുന്നില്ല. സംഘടിത ദൈവങ്ങൾ അസഹിഷ്ണുക്കളാണ്.

ഹിന്ദുവിഭാഗത്തിന്റെ ദൈവങ്ങളുടെ കാര്യം പറയുകയേ വേണ്ട! ശത്രു സംഹാരമാണ് ആ ദൈവങ്ങളുടെ-അവതാരങ്ങളുടെ-മുഖ്യലക്ഷ്യം. അവരിൽ ചിലർ മുൻകോപികളും ക്രൂരന്മാരുമാണ്. ശഠനോടു ശാഠ്യം എന്നതാണ് അവരുടെ നയം.

ഇന്നത്തെ ഇന്ത്യയിൽ സർവ്വത്ര പ്രീണനങ്ങളാണ്. രാഷ്ട്രീയകക്ഷികൾ തങ്ങളുടെ കാര്യസാധ്യത്തിനുവേണ്ടി സംഘടിത മത, ജാതി വിഭാഗങ്ങളെ വഴിവിട്ടു പ്രീണിപ്പിക്കുന്നു. ബുദ്ധിജീവിപ്പട്ടം കെട്ടിയവർ സാംസ്കാരിക നായകന്മാർ (ആരാണാവോ ചിലർക്ക് ആ പദവി നൽകിയത്?) ഒക്കെ ഇന്ന് പ്രീണനം നടത്തുന്നു. അച്ചടി, ദൃശ്യമാധ്യമങ്ങളും തങ്ങളുടെ കച്ചവടം പൊടിപൊടിക്കുന്നതിനായി ഇതേ അടവു പയറ്റുന്നു. ഇതിനിടയിൽപ്പെട്ട് സത്യധർമ്മങ്ങൾ ശ്വാസം മുട്ടി മരിക്കുന്നു. ഈ സാഹചര്യത്തിൽ ചിലരുടെ പൈശാചികതത്വത്തിനിരയായി പിടഞ്ഞു മരിക്കുന്നു. അവരുടെ സ്വന്തക്കാരോ ആശ്രിതരോ ആയ 'അവശൻമാർ ആർത്തന്മാർ ആലംബഹീനന്മാർ. അവരുടെ സങ്കടം ആരറിയാൻ ???'

ചോരപ്പുഴ ഒഴുക്കുന്നവർക്കുവേണ്ടി വാദിക്കാൻ ആയിരം പേർ.

ഇരകളായി കണ്ണീർപ്പുഴ ഒഴുക്കുന്നവർക്കു വേണ്ടി വാദിക്കാൻ സ്വന്തം ഹൃദയമിടിപ്പുകൾ മാത്രം! •

ലേഖനം

# സ്ത്രീ-പുരുഷ മനഃശാസ്ത്രം

**ഫാ. അലക്സാണ്ടർ വട്ടയ്ക്കാട്ട്**

മനുഷ്യൻ ശരീരം, ആത്മാവ്, മനസ്സ് എന്നീ മൂന്നു ഘടകങ്ങളുടെ സമഞ്ജസമായ ഒരു സമ്മേളനമാണ്. ശരീരത്തിന്റെ ആരോഗ്യകരമായ വളർച്ചയെ കുറിച്ച് ബദ്ധശ്രദ്ധരാകുന്നതുപോലെ മനസ്സിന്റെയും ആത്മാവിന്റെയും വളർച്ചയ്ക്കു വേണ്ടത്ര പ്രാധാന്യം കൊടുക്കണം. ഒരു വ്യക്തിയുടെ മാനസികവും ആത്മീയവുമായ വളർച്ചയാണ് അയാളുടെ വ്യക്തിത്വത്തിനു ആധാരം. വ്യക്തിയെ ആണും പെണ്ണുമായി ദൈവം സൃഷ്ടിച്ചു. ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ചു. (ഉല്പത്തി 1:27). ജീവശാസ്ത്രപരമായും, മനഃശാസ്ത്രപരമായും സാമ്പത്തികമായും ഉള്ള ഇഴുകി ചേരലിലാണ് കുടുംബബന്ധങ്ങൾ ശക്തമാകുന്നത്. രണ്ടു വ്യക്തികൾ തമ്മിൽ ഇടപെടുമ്പോൾ അവരുടെ വ്യക്തിത്വങ്ങൾ കുറേശ്ശയായി പങ്കു വയ്ക്കുന്നു. ആ ഇടപെടൽ സൗഹൃദമായി വളരുന്നു. എന്റെ വ്യക്തിത്വത്തിന്റെ അംശം എന്റെ സുഹൃത്തിൽ ഉള്ളതുകൊണ്ടാണ് സുഹൃത്തിന്റെ സാന്നിദ്ധ്യം എന്നെ സന്തോഷവാനാക്കുന്നത്. മനസ്സിന്റെ തുറവിയെ തന്നെയാണ് സൗഹൃദത്തിന്റെ അടിസ്ഥാനമായി ഫ്രഞ്ചു തത്വചിന്തകനായ ഗബ്രിയേൽ മാഴ്സിൽ വെളിപ്പെടുത്തുന്നത്. യാദൃശ്ചികമായി കണ്ടെത്തിയ ആളിൽ എന്തൊക്കെയോ പ്രത്യേകതകൾ ദർശിക്കുകയും ആ പ്രത്യേകത മനസ്സിൽ ചലനങ്ങൾ സൃഷ്ടിക്കുകയും, ആ ബന്ധം സൗഹൃദത്തിലേക്കെത്തുകയും ചെയ്യാറുണ്ട്.

പുരുഷനും സ്ത്രീയും സൗഹൃദം വർദ്ധിപ്പിച്ച് സന്തോഷമുള്ള കുടുംബത്തിന്റെ ഭർത്താവും ഭാര്യയുമായി തീർന്നെങ്കിൽ മാത്രമേ Functional Family അഥവാ പ്രവർത്തിക്കുന്ന കുടുംബം എന്നു വിളിക്കുവാൻ സാധിക്കുകയുള്ളു. സ്ത്രീ പുരുഷ മനശാസ്ത്രം അതിൽ വളരെ പ്രാധാന്യമുള്ള ഒരു ഘടകമാണ്. സ്ത്രീയുടേയും പുരുഷന്റെയും മനശാസ്ത്രം വിഭിന്നധ്രുവങ്ങളിലാണ്. ഒന്നു വലത്തോട്ടാണെങ്കിൽ മറ്റൊന്നു ഇടത്തോട്ടാണ്. യോജിപ്പിനുള്ള സാധ്യതകൾ തുലോം കുറവായി പലപ്പോഴും തോന്നാം. അതു കൊണ്ടു തന്നെ applicable അഥവാ adaptable level ൽ എത്തിയെങ്കിൽ മാത്രമേ ദാമ്പത്യ ജീവിതം വിജയത്തിൽ എത്തുകയുള്ളു. ഏതാനും ചില സ്ത്രീ പുരുഷ മനശാസ്ത്രങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ത്രീ വിവരണാത്മകത ഇഷ്ടപ്പെടുന്നു. പുരുഷൻ ഒറ്റവാക്കിൽ ഉത്തരം പറയുന്നു. വിവരിച്ചു കാര്യങ്ങൾ പറയുവാനും, കേൾക്കുവാനും സ്ത്രീ ആഗ്രഹിക്കുമ്പോൾ കുറച്ചു മാത്രം സംസാരിക്കുന്ന പ്രകൃതം പുരുഷൻ ഇഷ്ടപ്പെടുന്നു. മണിക്കൂറുകളോളം സംസാരിച്ചിരിക്കുന്ന സ്ത്രീയിൽ ക്ഷീണം വർദ്ധിക്കാതെ ഉന്മേഷം വർദ്ധിക്കുകയാണ് ചെയ്യുന്നത്. മസ്തിഷ്കത്തിലെ ഏറ്റവും വലിയ ഭാഗമായ സെറിബ്രല്ലത്തിന്റെ ഇടത് വലത് അർദ്ധഗോളങ്ങൾ തമ്മിൽ ബന്ധിച്ചിരിക്കുന്ന നാഡീപാളിയാണ് കോർപ്പസ് കലോസം. (Corpus Calosm) സ്ത്രീകൾക്ക് കോർപ്പസ് കലോസത്തിൽ 30% നാഡികൾകൂടുതൽ ഉണ്ടെന്നു മാത്രമല്ല ഈസ്ട്രജൻ (Oestrogen) എന്ന സ്ത്രീ ഹോർമോൺ കോർപ്പസ് കലോസത്തിലെ ബന്ധങ്ങളുടെ വളർച്ചയ്ക്കു സഹായിക്കുകയും ചെയ്യുന്നു. (റെജി ജേക്കബ്, നിറം മങ്ങാത്ത ദാമ്പത്യം.) പുരുഷൻ ആംഗ്യം, ശബ്ദം ഇവയെല്ലാം കൂടി 7000 വാക്കുകൾ ആശയവിനിമയത്തിനായി ഉപയോഗിക്കുമ്പോൾ സ്ത്രീ ശരാശരി 20,000 വാക്കുകൾ ഉപയോഗിക്കുന്നു. കൂടുതൽ സംസാരിക്കുന്ന ഭാര്യ ശല്യമാണെന്നു ഭർത്താവിനും, കുറച്ചു സംസാരിക്കുന്ന ഭർത്താവ് ഭാര്യയ്ക്കും ശല്യമാണെന്നു തോന്നാതെ ദൈവവരമെന്ന കാഴ്ചപ്പാടോടെ, ദാമ്പത്യ ബന്ധം മെച്ചപ്പെടുത്തണം.

2. പുരുഷൻ ക്ഷിപ്രപ്രകൃതവും, സ്ത്രീ സംയമന പ്രകൃതവുമാണ്. അതുകൊണ്ട് തന്നെ ക്ഷിപ്രകോപവും ക്ഷിപ്രപ്രസാദവും പുരുഷനിലുണ്ട്. സ്ത്രീ പെട്ടെന്ന് കോപിക്കാറില്ല. കോപം വന്നാൽ പിന്നെ പോകാറില്ല. സഹനമുള്ള സ്ത്രീ ഒന്നും മറക്കുന്നില്ല. സഹനം ഇല്ലാത്ത പുരുഷൻ പെട്ടെന്ന് തന്നെ പലതും മറന്ന് പോകാറുണ്ട്. ഭാര്യയോട് രാവിലെ ദേഷ്യപ്പെടുന്ന ഭർത്താവിൽ പെട്ടെന്ന് തന്നെ അത് മാറിപ്പോകുകയും ക്ഷിപ്രപ്രസാദത്തിലേക്ക് എത്തിച്ചേരാനുള്ള സാധ്യത വളരെ കൂടുതലാകുകയും ചെയ്യുന്നു. സ്ത്രീ ഒന്നും മറക്കുന്നില്ല. എത്ര വർഷങ്ങൾ വേണമെങ്കിലും മനസ്സിനെ വേദനിപ്പിച്ച സംഭവങ്ങൾ കാത്തുസൂക്ഷിച്ചു സഹനമുള്ളവളായ സ്ത്രീ മറക്കാതെ സൂക്ഷിക്കുന്നു.

3. പുരുഷൻ സാമൂഹികമായി ചിന്തിക്കുമ്പോൾ സ്ത്രീ വ്യക്തിപരമായി ചിന്തിക്കുന്നു. സമൂഹത്തിൽ എല്ലാവരും ഇഷ്ടപ്പെടണമെന്നാണ് പുരുഷന്റെ ചിന്തയെങ്കിൽ, എന്റെ വീട്, എന്റെ ഭർത്താവ്, എന്റെ മക്കൾ, എന്ന സ്ത്രീ കാഴ്ചപ്പാട് വ്യക്തിപരമായ തലത്തിൽ മാത്രം ഒതുങ്ങുന്നു.

4. സ്ത്രീ പാരമ്പര്യവാദിയും പുരുഷൻ പുരോഗമനവാദിയുമാണ്. പാരമ്പര്യമെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സഭാ പാരമ്പര്യത്തെ അല്ല. വേണ്ടാത്ത അന്ധവിശ്വാസങ്ങൾ മനസ്സിൽ പതിഞ്ഞ് വല്ലാത്ത ഭയത്തിലാകുന്നവരാണ് സ്ത്രീകൾ. ഭയപ്പെടുത്തുന്ന ചിന്തകൾ സമൂഹത്തിൽ പ്രചരിപ്പിക്കുന്നു. സൃഷ്ടിപരമായി മനുഷ്യനെ ഉദ്ദീപിപ്പിക്കാത്ത കഥകൾ സൃഷ്ടിച്ച്

കുഞ്ഞുമനസ്സുകളിൽ പോലും അകാരണ ഭയങ്ങൾ സൃഷ്ടിക്കുന്നു. യഥാർത്ഥ ഭക്തി ഭയത്തെ ഇല്ലാതാക്കുമെന്ന് തിരുവചനം പറയുമ്പോൾ ഭയം ജനിപ്പിക്കുന്ന പരമ്പരാഗതവും, എന്നാൽ സത്യവുമായി ബന്ധമില്ലാത്തതുമായ പലതും സ്ത്രീ വിശ്വസിക്കുന്നു. എന്തെങ്കിലും ഒന്ന് ദോഷമാണെന്ന് കേട്ടാൽ ആകുലപ്പെടുന്നത് പലപ്പോഴും സ്ത്രീകളായിരിക്കും. ഒട്ടും ഭയമില്ലാത്ത പുരുഷന്റെ പുരോഗമനവാദവും അപകടമാണ്. ആരാധനയിൽ അധിക സമയം ശാന്തതയോടെ നിൽക്കുവാൻ പുരുഷന് സാധിക്കുന്നില്ല. എന്നാൽ ദൈവാലയത്തിന്റെ ഭൗതീക വളർച്ചയ്ക്ക് കഠിനാധ്വാനം ചെയ്യാൻ പുരുഷൻ സദാ സന്നദ്ധനാണ്. ചാവേർ സംസ്കാരം പുരുഷനിലുണ്ടാവാം. എന്നാൽ യഥാർത്ഥ ഭക്തി വൈരാഗ്യം മനസ്സിൽ വരുന്നില്ല. അതുകൊണ്ടുതന്നെ ആരാധനയുടെ ഗൗരവും നഷ്ടപ്പെടുത്തുന്ന പലതും പുരുഷനിലുണ്ടാകാം. 3000 വർഷങ്ങൾകൊണ്ട് 5000 യുദ്ധങ്ങളുടെ കഥ പറയാൻ കഴിയുന്ന ദുരയും ഹിംസയും അക്രമവുമൊക്ക പുരുഷശക്തി സമ്മാനിക്കാറുണ്ട്. പുരുഷനിലുണ്ടാകുന്ന യഥാർത്ഥ വികാരങ്ങൾ പുറത്തു കാണിക്കാതെ പുരോഗമനവാദിയാകുവാൻ അവൻ ശ്രമിക്കുന്നുവോ എന്നും സംശയിക്കേണ്ടതുണ്ട്.

5. സ്ത്രീ സ്നേഹം പ്രകടിപ്പിക്കുന്നു. പുരുഷൻ സ്നേഹം പ്രകടിപ്പിക്കാത്ത ഉള്ളിൽ വച്ചിരിക്കുന്നു. പ്രകടിപ്പിക്കാത്ത സ്നേഹം തിരിച്ചറിയാതെ ഭർത്താവിനെ ഉപേക്ഷിക്കുന്ന ഭാര്യയെയും ഭർത്താവിനെ കുറ്റപ്പെടുത്തി നരക തുല്യമായ ജീവിതം നയിക്കുന്നവരെയും നമ്മുടെ ചുറ്റുപാടുകളിൽ കണ്ടെത്താം. യുക്തിക്കു മനസ്സിലാക്കാൻ സാധിക്കാത്ത ഹൃദയത്തിന്റെ ഭാഷയിലുള്ള സഹജാവബോധമാണ് സ്ത്രീ ഗർഭപാത്രത്തിൽ ഒരു ജീവനെ കാത്തു പരിപാലിക്കുമ്പോഴുണ്ടാകുന്നത്. കരുതൽ എന്ന ഘട്ടത്തിന്റെ സന്തത സഹചാരികളായി സ്നേഹം, ദയ, കാത്തിരിപ്പ്, ക്ഷമ, ആനന്ദം എന്നിവ സ്ത്രീ മനശാസ്ത്രത്തിലെ സ്നേഹപ്രകടനത്തിൽ കാണാം. അമ്മയെപ്പോലെ നമുക്കുള്ളൊരു രക്ഷകൻ എന്നു ദൈവത്തെക്കുറിച്ച് ഓർമ്മിക്കുന്നതും ശ്രദ്ധേയമാണ്. ഉള്ളിലുള്ള സ്നേഹം പുറം ലോകത്തെ അറിയിക്കാതെ രൗദ്ര ഭാവങ്ങളിലേക്കു പോകുന്ന പുരുഷ മനശാസ്ത്രത്തിൽ അപകടങ്ങൾ പതിയിരിക്കുന്നുണ്ട്. ആന്തരിക ശക്തിയില്ലാതെ പുറം ലോകത്തെ ഭയപ്പെടുത്തുന്ന പുരുഷൻ ഉള്ളിൽ ഒന്നും സഹിക്കാനുള്ള ശക്തിയില്ലാത്തവാനാകുന്നു.

6. സ്ത്രീ ചെറിയ കാര്യങ്ങൾ പോലും ശ്രദ്ധിക്കുന്നു. പുരുഷൻ വലിയ കാര്യങ്ങൾ മാത്രമേ ശ്രദ്ധിക്കാറുള്ളു. രണ്ടിലും അതിൽ തന്നെ ഗുണവും ദോഷവും ഉണ്ട്. വലിയ കാര്യങ്ങൾ മാത്രം ശ്രദ്ധിച്ചാലും ജീവിതം വിജയമാകുന്നില്ല. ചെറിയ കാര്യങ്ങൾ മാത്രം ശ്രദ്ധിക്കുന്നതിലും വിജയമാകുന്നില്ല. രണ്ടിനേയും ഒരുപോലെ യോജിപ്പിച്ചു കൊണ്ടുപോകണം.

7. സ്ത്രീ പ്രശ്നങ്ങൾ വന്നാൽ പങ്കുവയ്ക്കുന്നു. പുരുഷൻ പങ്കുവയ്ക്കുവാൻ മടി കാണിച്ചു ഒറ്റയ്ക്കിരിക്കുന്നു. പുരുഷൻ ഒരു പ്രശ്നത്തിലാകുമ്പോൾ മുഖം മനസ്സിന്റെ കണ്ണാടിയായതിനാൽ മുഖത്തു നോക്കിയാൽ ഭാര്യക്കു മനസ്സിലാകും. എന്തു പറ്റി എന്ന് അവൾ ചോദിച്ചാൽ ഓ ഒന്നുമില്ല എന്നായിരിക്കും കൂടുതൽ പുരുഷന്മാരുടെയും മറുപടി. ചോദ്യവും ഉത്തരവും ലളിതമാണെങ്കിലും ഭാര്യയ്ക്ക് അറിയുവാനുള്ള തിടുക്കത്തിൽ വീണ്ടും ചോദിക്കും. പറയാൻ ആഗ്രഹിക്കാത്ത കാര്യം പുരുഷൻ പറയുകയില്ല. കാരണം ഇതു പരിഹരിക്കാനുള്ള കഴിവ് എനിക്കുണ്ട് എന്ന തോന്നലാണ്. അതുകൊണ്ടു ശാന്തത പുരുഷൻ ആഗ്രഹിക്കുന്നു. എന്നാൽ സ്ത്രീ പുരുഷനോടു വീണ്ടും വീണ്ടും ചോദിച്ച് അവനെ കോപിഷ്ഠനാക്കും. സംഭാഷണ വ്യത്യാസങ്ങൾ തിരിച്ചറിഞ്ഞ്, പൊലിസ് മുറയിൽ ചോദ്യങ്ങൾ ചോദിക്കാതിരിക്കുന്നതാണ് ഉത്തമ ഭാര്യയുടെ ലക്ഷണം. എന്നാൽ പലപ്പോഴും അതിൽ നിന്നു വ്യത്യസ്തരായി വികാരഭരിതരാകുന്ന സ്ത്രീകളെ നാം കാണുന്നു. ശാന്തവും, വികാരഭരിതവുമല്ലാത്തതുമായ ഐക്യം ഉണ്ടാകണമെന്നാണ് വിവാഹ കൂദാശയിൽ പ്രാർത്ഥിക്കുന്നത്. സ്ത്രീ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഏറ്റവും പ്രിയപ്പെട്ട ആളിനോട് പറയുവാൻ ആഗ്രഹിക്കുന്നു. ഭാര്യയ്ക്കു ഭർത്താവായിരിക്കും ഏറ്റവും പ്രിയപ്പെട്ട വ്യക്തി. അവൾ പറയുന്നത് കേൾക്കാനുള്ള സഹനം ഭർത്താവിനുണ്ടാകണം. പുരുഷൻമാരിൽ ചിലർ ഒന്നും കേൾക്കാതെ അടിച്ചമർത്തും, ചിലർ ഭാഗീകമായി ശ്രവണം നടത്തും, ചിലർ കേട്ടിട്ട് അവരുടെ പ്രശ്നങ്ങളുമായി താരതമ്യം നടത്തി നോക്കും, വളരെ ചുരുക്കം പേർ മാത്രം ഭാര്യയുടെ പ്രശ്നങ്ങളെ നന്നായി കേൾക്കും. ആദ്യത്തെ മൂന്നു രീതികളും അപകടമാണ്. അടപ്പുകളെ ഭേദിച്ച് തിളച്ചു മറിയുന്ന കഞ്ഞിക്കലത്തിന്റെ അവസ്ഥയാണ് സ്ത്രീ മനസ്സ്. ചെറിയ പ്രശ്നങ്ങൾ പോലും അവളുടെ മനസ്സിനെ പിടിച്ചു കുലുക്കും. 'ഇതാണോടീ ഇത്ര വലിയ കാര്യ'മെന്നു പറഞ്ഞു തുച്ഛീകരിച്ചാൽ അവൾക്കു തോന്നുന്നത്, ഇയാളോടു പറഞ്ഞിട്ടൊരു കാര്യവുമില്ല എന്നാണ്. പിന്നെ അയാളോടൊന്നും പറയാൻ സാധ്യതയില്ല. എന്നാൽ അവൾക്കാരോടെങ്കിലും തുറന്നു പറഞ്ഞേ പറ്റൂ. ഏതെങ്കിലും സാഹചര്യത്തിൽ ആരെങ്കിലും അതിനവസരം കൊടുത്താൽ ആ ആളിനോട് മാനസിക അടുപ്പം ഉണ്ടാകാം. കാലക്രമത്തിൽ അയാളുടെ കൂടെ ഒളിച്ചോടുന്ന ഒരു മതിഭ്രമത്തി (Infactuation) ലേക്കും എത്തിച്ചേരാം. അതു കൊണ്ട് എല്ലാം പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്ന, സ്ത്രീ മനശാസ്ത്രം തിരിച്ചറിഞ്ഞ് അവളുടെ കണ്ണിലൂടെ അവളുടെ വിഷയത്തെ കാണാൻ ശ്രമിക്കണം. പുരുഷനു സഹനം കുറവാണെന്ന് സ്ത്രീ തിരിച്ചറിയുന്നതും നല്ലതായിരിക്കും.

8. കാഴ്ചയുടെ കാര്യത്തിലും സ്ത്രീയും പുരുഷനും തമ്മിൽ വ്യത്യാസം ഉണ്ട്. പുരുഷനു ടണൽ വിഷനും (Tunnel Vision) സ്ത്രീക്ക് പെരിഫറൽ വിഷനും (Peripheral Vision) ആണ് ഉള്ളത്. എല്ലാ കാര്യങ്ങളും വിശദമായി വിലയിരുത്തി, ഭാവിയിൽ വരാവുന്നതിനെ പഠിച്ച് പുരുഷൻ തീരുമാനമെടുക്കുന്നു. എന്നാൽ ക്രിക്കറ്റ് കളിയിലെ ഓൾ റൗണ്ടറെപ്പോലെ ഒരേ സമയത്ത് അഞ്ച് കാര്യങ്ങളിൽ വരെ ഇടപെടുന്ന ഒരു കാഴ്ചപ്പാട് സ്ത്രീയിലുണ്ട്. എന്നാൽ പുരുഷൻ ഒരു സമയത്ത് ഒരു കാര്യമേ ചെയ്യാൻ ശ്രമിക്കൂ. പത്രവായനയിൽ ആണെങ്കിൽ അതു മാത്രം ശ്രദ്ധിക്കും. ആ സമയത്ത് ഗ്യാസ് തീർന്നു, കരണ്ടു ചാർജ്ജ് അടയ്ക്കണം, കുട്ടിയ്ക്ക് യൂണിഫോം എടുക്കണം ഇതെല്ലാം ഭാര്യ ചെന്നു പറഞ്ഞാൽ അവൻ ഒന്നും കേൾക്കുന്നില്ല. എന്നതാണ് സത്യം.

9. സ്ത്രീകൾക്കാണ് പുരുഷൻമാരേക്കാൾ ഉയർന്ന കേൾവിശക്തി. ഉയർന്ന സ്ഥായിയിലുള്ള ശബ്ദങ്ങളെ തിരിച്ചറിയുന്ന പ്രത്യേക കഴിവ് സ്ത്രീയിലുണ്ട്. കേൾക്കുന്നതിന് പുരുഷൻ ഇടത് തലച്ചോറ് ഉപയോഗിക്കുമ്പോൾ സ്ത്രീ ഇടത്തും വലത്തുമുള്ള തലച്ചോറ് ഉപയോഗിക്കുന്നു. നേരിയ ചലനങ്ങൾ പോലും സ്ത്രീ പെട്ടെന്ന് കേൾക്കുന്നു. രാത്രികാലങ്ങളിൽ എവിടെയെങ്കിലും ഒരു അനക്കം കേട്ടാൽ പുരുഷനേക്കാൾ പെട്ടെന്ന് അറിയുന്നത് സ്ത്രീ ആയിരിക്കും. ഇതുതന്നെ കുടുംബ അന്തരീക്ഷത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. നിന്റെ തോന്നലാണെന്നു പറഞ്ഞ് ഭർത്താവ് കളിയാക്കാനും പ്രശ്നങ്ങൾ സൃഷ്ടിക്കാനുമുള്ള സാധ്യതയുണ്ട്.

10. സ്ത്രീ പുരുഷ ലൈംഗിക സമീപനങ്ങളും വ്യത്യസ്തമാണ്. പുരുഷൻ Active ഉം സ്ത്രീ Passive ഉം ആണ്. പുരുഷൻമാരുടെ പൊതുവെയുള്ള പരാതി ഭാര്യയ്ക്ക് ലൈംഗീകതയിൽ താല്പര്യം ഇല്ല എന്നതാണ്. പുരുഷന്റേത് (ഭർത്താവിന്റേത്) ശാരീരികവും സ്ത്രീയുടേത് (ഭാര്യയുടേത്) വൈകാരികവുമായ ആവശ്യമാണ്. സ്ത്രീ സ്നേഹിക്കപ്പെടുവാൻ ആഗ്രഹിച്ചുകൊണ്ട് പുരുഷനെ സമീപിക്കുമ്പോൾ അവൻ ശാരീരിക ബന്ധത്തിലേക്ക് കൊണ്ട് ചെന്ന് എത്തിക്കുന്ന ലൈംഗികതയാണ് അവന്റെ മനശാസ്ത്രം. വർദ്ധിച്ചു വരുന്ന പീഡനസംഭവങ്ങൾ ഇതിലേക്ക് വിരൽ ചൂണ്ടുന്നു. 70 വയസ്സുള്ള ആൾ ചെറു ബാലികമാരെ പീഡിപ്പിക്കുന്ന കിരാത രീതികളും, കുടുംബബന്ധത്തിനു വെളിയിൽ ലൈംഗിക ബന്ധങ്ങൾ സ്ഥാപിക്കുന്ന ഉദാരരീതികളും എല്ലാം ഇതിന്റെ പ്രതിഫലനമാണ്. വികാരപ്രകടനങ്ങളിലൂടെയുള്ള ലൈംഗികത സ്ത്രീ ആഗ്രഹിക്കുമ്പോൾ ഒരു വികാരപ്രകടനവുമില്ലാതെ, ലൈംഗികതയ്ക്ക് ഒന്നാം സ്ഥാനം കൊടുത്ത് പുരുഷൻ തന്റെ ഇഷ്ടം സാധിക്കുന്നു. ഇവിടെ ഭാര്യയുടെ ഇഷ്ടാനിഷ്ടങ്ങൾ നോക്കാതെ തന്റെ പുരുഷത്വം പ്രകടിപ്പിക്കുവാനുള്ള പ്രവണത അപകടകരമാണ്. കരയും കടലും പോലെയാണ് പുരുഷ സ്ത്രീ ലൈംഗീകത എന്ന ചൊല്ല് അർത്ഥവത്താണ്. സൂര്യതാപം ഏൽക്കുന്ന കര പെട്ടെന്ന് ചൂടാവുകയും സൂര്യാസ്തമനത്തോടെ പെട്ടെന്ന് തണുക്കുകയും ചെയ്യുന്നു. എന്നാൽ ജലായശയത്തിലെ വെള്ളം ചൂടാകാൻ താമസമുണ്ട്. ചൂടായാൽ തണുക്കാനും താമസമാണ്. സൂര്യൻ അസ്തമിച്ചു കഴിഞ്ഞാലും ജലാശയത്തിലെ വെള്ളത്തിന് ചൂടുകാണും. ലൈംഗിക തൃപ്തിയുണ്ടാകുവാൻ താമസിക്കുന്ന ഭാര്യയെ കണക്കിലെടുക്കാതെ സ്വന്തം തൃപ്തി മാത്രം ലക്ഷ്യമാക്കുന്ന പുരുഷൻ ദാമ്പത്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. സ്ത്രീയുടെ വികാരങ്ങളെ തിരിച്ചറിയാതെയുള്ള പുരുഷ ലൈംഗികാസക്തിയും, പുരുഷ ലൈംഗിക ഊർജ്ജത്തെ തിരിച്ചറിയാതെയുള്ള സ്ത്രീയുടെ തണുപ്പൻ രീതിയും ദാമ്പത്യ ജീവിതത്തിൽ വിള്ളൽ സൃഷ്ടിക്കാം. സുരക്ഷിതാവസ്ഥയ്ക്ക് സ്ത്രീ വളരെ പ്രാധാന്യം കൊടുക്കുന്നു. നേരിയ തടസ്സങ്ങൾ പോലും അവളെ അസ്വസ്ഥതപ്പെടുത്താം. കുട്ടികൾക്കുള്ള രോഗം, സാമ്പത്തിക പ്രതിസന്ധി, മനസ്സിന്റെ പിരിമുറുക്കങ്ങൾ ഇതെല്ലാം അവളെ ലൈംഗീകതയിൽ നിന്നും അകന്നു നിൽക്കാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങളാണ്. ശാരീരികവും, മാനസികവും, ജൈവപരവും, സാമൂഹികവുമായ പിരിമുറുക്കം സ്ത്രീയിൽ പ്രത്യക്ഷപ്പെടാം. സാമ്പത്തിക ബുദ്ധിമുട്ട്, ഉന്നതാധികൃതരുമായുള്ള സംഘർഷം, ജോലിയെക്കുറിച്ചുള്ള തൃപ്തിയില്ലായ്മ, ഗൃഹത്തിലെ മറ്റംഗങ്ങളുമായുള്ള മത്സരം ഇതെല്ലാം സ്ത്രീയിൽ പിരിമുറുക്കം സൃഷ്ടിക്കുകയും ലൈംഗികതയെ സാരമായി ബാധിക്കുകയും ചെയ്യും. സുശക്തമായ സംവിധാനം പുരുഷൻ സൃഷ്ടിച്ചാൽ മാത്രമേ ഇതിൽ നിന്നൊക്കെ രക്ഷപെടാൻ സാധിക്കൂ.

ആദാമിൽ നിന്നും ഹവ്വായിൽ നിന്നും ലഭിച്ച സവിശേഷമായ കാര്യമാണ് ലൈംഗികത എന്നു നമുക്കറിയാം. ലൈംഗികത ജീവദായകമാണ് (Sex is life giving). വിവാഹ ബന്ധത്തിലൂടെ ലൈംഗികത ആസ്വദിക്കേണ്ടതാണ്. ലൈംഗികതക പരമാവധി സ്നേഹത്തിന്റെ പങ്കുവയ്ക്കലാണ് (Sex is love giving). മൃഗങ്ങളുടെ ലൈംഗികതയിൽ ചുറ്റുപാടുകളെക്കുറിച്ച് ശ്രദ്ധിക്കുന്നില്ല. എന്നാൽ മനുഷ്യന്റെ ചുറ്റുപാടുകൾ ശ്രദ്ധിക്കുന്നു. ശാരീരിക ആവശ്യത്തിന്റെ ഭാഗമായി ലൈംഗികത മൃഗങ്ങൾ കരുതുമ്പോൾ, മനസ്സിലാണ് മനുഷ്യന്റെ ലൈംഗികതയുടെ തുടക്കം. തലച്ചോറിലെ pituitary gland ആണ് തുടക്കം. പല പങ്കാളിയുള്ള മൃഗത്തേക്കാൾ ഒരു ജീവിത പങ്കാളിയെന്ന തത്വം പിൻതുടരേണ്ടത് മനുഷ്യൻ മൃഗത്തേക്കാൾ തരംതാഴാതെ നിയന്ത്രണ വിധേയമായി ലൈംഗികത ആഘോഷിക്കണം. കുടുംബജീവിതത്തിന്റെ പരിശുദ്ധിയും പരിപാവനത്തിന്റെ പരമതലങ്ങളെ ഉപേക്ഷിച്ച് ഭാവനാതലത്തിലേക്ക് പുരുഷനും സ്ത്രീയും എത്തിച്ചേരാനുള്ള കാരുണ്യം ഉണ്ടാകട്ടെ! •



അഭിമുഖം

# അനുഭവങ്ങൾ, വീക്ഷണങ്ങൾ, വിശദീകരണങ്ങൾ (തുടർച്ച)

**കുടുംബബന്ധങ്ങൾ തകർച്ച നേരിടുന്ന കാലമാണല്ലോ ഇത്. ധാരാളം ഭാര്യാഭർത്താക്കന്മാർ ബന്ധം വേർപെടുത്തുന്നു; പുനർവിവാഹം ചെയ്യുന്നു. വിവാഹജീവിതം സംബന്ധിച്ച തിരുമേനിയുടെ അഭിപ്രായം അറിയാൻ ആഗ്രഹമുണ്ട്.**

വിവാഹബന്ധം ജീവിതപങ്കാളികളുടെ മരണംവരെ നിലനിൽക്കുന്ന കൗദാശിക കൂട്ടായ്മയും (sacramental fellowship) ഉടമ്പടി (covenent) യുമാണ്. വിവാഹിതരാവുന്നവർ ക്രിസ്തുവിൽ ഏകമായിത്തീർന്ന് ക്രിസ്തുസാന്നിധ്യം അനുഭവിച്ചു കഴിയുന്നതിനാൽ ആ ബന്ധം കൗദാശികമാണ്. അതേസമയം ഉഭയസമ്മത പ്രകാരം പരസ്പരം സ്നേഹത്തിലും വിശ്വസ്തതയിലും ജീവിതകാലം മുഴുവൻ കഴിയുവാൻ ഉടമ്പടിയിൽ ഏർപ്പെടുകയുമാണ്. അതുകൊണ്ട് അത് വിഭജനാതീത (indissoluble) വും സ്ഥിരവുമായ ഒരു കൂട്ടായ്മയാണ്.

**വിവാഹത്തിന്റെ ഉദ്ദേശ്യം സംബന്ധിച്ച് ഒരു വിശദീകരണം നൽകാമോ?**

മനുഷ്യൻ അടിസ്ഥാനപരമായി ഒരു സാമൂഹ്യജീവിയാണ്. ഒറ്റയ്ക്ക് ജീവിക്കുന്നത് അതിനായി പ്രത്യേക നിയോഗമുള്ളവരാണ്. അതുകൊണ്ട് സ്ത്രീയും പുരുഷനും ഒന്നുചേർന്ന് ഒരു കുടുംബമായോ ഒരു സന്യാസസമൂഹത്തിന്റെ ഭാഗമായോ കഴിയുവാനുള്ള സാധ്യതയാണ് അവർക്കുള്ളത്. കുടുംബജീവിതത്തിൽ ഭർത്താവും ഭാര്യയും പരസ്പരം സ്നേഹത്തിലും അന്യോന്യം തുണയായും ജീവിച്ച് ഒറ്റപ്പെടലിന്റെ ഐതര്യത്തിൽ നിന്ന് കൂട്ടായ്മയുടെ സുഖാനുഭവത്തിലും ദൈവസാന്നിധ്യത്തിന്റെ സന്തോഷത്തിലും കഴിയുക എന്നതാണ് വിവാഹജീവിതത്തിന്റെ ഉദ്ദേശ്യം. ലൈംഗികതയും സന്താനോത്പാദനവും വൈവാഹിക ജീവിതത്തിന്റെ ഉപോല്പന്നങ്ങൾ മാത്രമാണ്. അവ വിവാഹബന്ധത്തിൽ പ്രഥമ പരിഗണന അർഹിക്കുന്നില്ല. അവയെ ധന്യമായ വൈവാഹിക ജീവിതത്തിലെ ദൈവീകാനുഗ്രഹങ്ങളായി കണ്ടാൽ മതി. അതുകൊണ്ടാണ് വന്ധ്യത വിവാഹബന്ധം വേർപെടുത്തുന്നതിന് മതിയായ കാരണമായി അംഗീകരിക്കാത്തത്.

**സമീപകാലത്ത് വിവാഹമോചനം മുമ്പേക്കാൾ കൂടുതലായി വരുന്നു. ഇതു സംബന്ധിച്ചുള്ള പ്രതികരണം?**

വിവാഹ മോചനം നല്ല പ്രവണതയല്ല. ദൈവം ഏകമാക്കിയതിനെ മനുഷ്യൻ വേർപെടുത്തുന്നത് ദൈവഹിതമല്ല. എന്നിരുന്നാലും വിവാഹ ബന്ധങ്ങൾ വേർപെടുത്താറുണ്ട്. ഒരു ബന്ധത്തിനും സ്ഥിരതയോ പവിത്രതയോ കല്പിക്കാത്ത മൂല്യഘടനയാണ് ഇന്ന് പ്രബലം. പ്രായോഗികതയ്ക്കാണ് പ്രാമുഖ്യം. പ്രായോഗികമായി ഒത്തുപോകാൻ പ്രയാസമെങ്കിൽ പിരിഞ്ഞേക്കാം എന്നു വയ്ക്കുന്നു. വിശ്വാസം, ആത്മീകത ഇവയുടെ സ്വാധീനം കുടുംബബന്ധങ്ങളിൽ കുറഞ്ഞുവരുന്നതാണ് ഒരു കാരണം. അന്യോന്യം പൊരുത്തപ്പെടാൻ ഭാര്യാഭർത്താക്കന്മാർ തയ്യാറാകുന്നില്ല. പ്രബുദ്ധതയും കാര്യശേഷിയുമുള്ള ഭാര്യയുടെ മേലും ഭർത്താവിന്റെ ആധിപത്യ-നിയന്ത്രണശ്രമങ്ങൾ വരുന്നു. ഭാര്യയ്ക്ക് തുല്യതയും പങ്കാളിത്തവും നൽകാൻ ഭർത്താക്കന്മാർ മടിക്കുന്നു. സ്വതന്ത്ര വ്യക്തിത്വവും വരുമാനവുമുള്ള സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാരുടെ ആധിപത്യത്തിൻ കീഴിൽ ഒതുങ്ങിക്കൂടാൻ കൂട്ടാക്കുന്നില്ല. ഭർത്താക്കന്മാരുടെ മേധാവിത്വ പ്രവണത അവർ ചെറുക്കുന്നു. ഭാര്യാഭർത്താക്കന്മാർ ഒന്നുചേർന്നൊരു കൂട്ടുജീവിതം (symbiosis) അവർ ലക്ഷ്യമാക്കുന്നില്ല. ആവശ്യങ്ങളുടെ പേരിലുള്ള പരസ്പര ബന്ധമേ അവർ തമ്മിലുള്ളൂ. ഇതെല്ലാം വിവാഹമോചനത്തിലേക്കാണ് അവരെ കൊണ്ടെത്തിക്കുന്നത്. ദൈവമാണ് അവരെ കൂട്ടിച്ചേർത്തതെന്ന സത്യം അവർ വിസ്മരിക്കുന്നു. സ്വാതന്ത്ര്യബോധവും സ്വയം നിർണ്ണായകവകാശവും വിവാഹത്തോടെ സ്ത്രീക്ക് നഷ്ടപ്പെടുന്നില്ല എന്നത് മിക്ക പുരുഷന്മാർക്കും ഇന്നും ബോധ്യപ്പെടുകയോ അവർ അംഗീകരിക്കുകയോ ചെയ്യുന്നില്ല. പൂർണ്ണ സ്വാതന്ത്ര്യവും സ്വയം നിർണ്ണയകാവകാശ (autonomy) വുള്ള രണ്ട് വ്യക്തികൾ തമ്മിൽ ചേർന്ന് ഇരുവരുടേയും വ്യക്തിത്വവും നിയോഗവും കാഴ്ചപ്പാടും സംരക്ഷിച്ചുകൊണ്ടുള്ള ഒരു കൂട്ടുജീവിതമാണ് വിവാഹജീവിതമെന്ന് പുരുഷന്മാർ തിരിച്ചറിയാത്ത സാഹചര്യത്തിൽ ഭിന്നതയ്ക്കും ഏറ്റുമുട്ടലിനും വേർപിരിയലിനും സാധ്യതയുണ്ടാകുന്നു.

**ആ സാഹചര്യത്തിൽ വിവാഹമോചനം അനുവദനീയമാണോ?**

വിവാഹ ജീവിതത്തിന്റെ പ്രാഥമിക താല്പര്യം ദമ്പതികൾ തമ്മിൽ സ്നേഹിച്ചും അന്യോന്യം തുണച്ചും ദൈവഹിത പ്രകാരം സന്തോഷിച്ചു ജീവിക്കുകയാണ്. എന്നാൽ സ്വാർത്ഥതയും ആധിപത്യശ്രമവും തൻപോരിമയും ഭാര്യാഭർത്തൃബന്ധത്തിൽ കടന്നുകൂടുന്നതോടെ സ്നേഹവും മാധുര്യവും പാരസ്പര്യവും ഇല്ലാതാകുന്നു. ഒരു വീട്ടിൽത്തന്നെ രണ്ട് വ്യക്തികൾ മാനസികമായും ആത്മീയമായും ധ്രുവ ദൂരത്തിൽ കഴിയേണ്ടി വരുന്നു. അതു ദുസ്സഹമാണ്, ദുരന്തമാണ്. സ്നേഹവും സഹകരണവും

പരസ്പരവിശ്വാസവും നഷ്ടപ്പെട്ട സാഹചര്യത്തിൽ വിവാഹബന്ധം നിലനിൽക്കുന്നില്ല. അതോടെ ദാമ്പത്യം തകർന്നു കഴിഞ്ഞു. അവ വീണ്ടെടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ സാങ്കേതികമായി മാത്രം അത് തുടരുന്നതിൽ അർത്ഥമില്ല. പിരിയലാണ് നല്ലത്. ഭാര്യാഭർത്തൃഭിന്നത, ഗാർഹിക അതിക്രമം, ആധിപത്യ മനോഭാവം എന്നിവ നിലനിൽക്കുന്ന കുടുംബാന്തരീക്ഷത്തിൽ മക്കളുടെ പാലനവും പ്രശ്നമാകുന്നു.

**വൈവാഹിക ജീവിതത്തിലെ അവിശ്വസ്തത മാത്രമാണ് വേർപിരിയലിന് ക്രിസ്തു അനുവദിക്കുന്ന മാനദണ്ഡം. പിന്നെയെങ്ങനെ മേൽപ്പറഞ്ഞ സാഹചര്യം വിവാഹമോചനത്തിന് ആധാരമാകും?**

ഭർത്താക്കന്മാർ ഭാര്യമാരെ യഥേഷ്ടം മൊഴിചൊല്ലി വന്നിരുന്ന സന്ദർഭത്തിൽ ഭാര്യമാരുടെ സംരക്ഷണാർത്ഥമാണ് ക്രിസ്തു ഇങ്ങനെയൊരു നിബന്ധന അനുവദിക്കുന്നതുതന്നെ. അവിശ്വസ്തത കാണിക്കാത്ത ഭാര്യയെ പിരിച്ചയയ്ക്കുന്നതിന് തടയിടുകയാണിവിടെ. അവളെ ഉപേക്ഷിക്കുവാനുള്ള ഉപാധി നിർദ്ദേശിക്കുകയല്ല. എന്നാൽ സ്നേഹക്കൂട്ടായ്മയും വിശ്വാസവും പരസ്പര ആദരവും നഷ്ടപ്പെട്ട ആധിപത്യബന്ധമായി അധഃപതിച്ചാൽ ആ ബന്ധം എങ്ങനെ ക്രിസ്തീയ ദാമ്പത്യമാകും? പിന്നെ കൂടെ പാർക്കുന്നതിലർത്ഥമില്ല. സ്നേഹവും പരസ്പര സേവനവാഞ്ഛയും തമ്മിൽ തമ്മിലുള്ള ആദരവും ക്രിസ്തുവിലുള്ള ഒന്നിപ്പുമാണ് ഭാര്യാഭർത്തൃബന്ധത്തിനാധാരം. അവയുടെ അഭാവത്തിൽ വൈവാഹിക ജീവിതം അവസാനിക്കുന്നു. മാത്രമല്ല, ഭാര്യയുടെ സ്വയം നിർണ്ണായകാധികാരം (autonomy) പരിഗണിക്കാതെ ലൈംഗികബന്ധം ഉൾപ്പെടെ എന്തിനെങ്കിലും നിർബന്ധിച്ചാൽ അത് വിശുദ്ധ ബന്ധത്തിന്മേലുള്ള കൈയേറ്റവും ഹിംസയുമാണ്. ഈ സാഹചര്യത്തിൽ വിവാഹജീവിതത്തിന് അന്ത്യം ഭവിക്കുന്നു. അത് തുടരുന്നതിൽ അർത്ഥമില്ല.

**ഭാര്യാഭർത്തൃബന്ധം നിലയ്ക്കുന്ന സാഹചര്യത്തിൽ മക്കളുടെ ഭാവി എങ്ങനെ?**

മക്കളെ സംബന്ധിച്ചിടത്തോളം ഈ സാചഹര്യം അത്യന്തം ദയനീയവും അപകടകരവുമാണ്. ഇത് വേർപിരിയുന്ന ദമ്പതികൾ മുൻകൂട്ടി മനസ്സിലാക്കി പെരുമാറേണ്ടതാണ്. എന്നാൽ മക്കളുടെ ഭാവിയല്ല വിവാഹത്തിന്റെ പ്രഥമ പരിഗണന. വിവാഹമോചനം യാഥാർത്ഥ്യമാകുന്ന പക്ഷം കുട്ടികൾ അവർക്ക് ഇഷ്ടമുള്ളവരുടെ കൂടെ ജീവിക്കുന്നതാണ് അഭികാമ്യം. കുട്ടികളെ പ്രതി ഭാര്യാഭർത്താക്കന്മാർ സഹവാസികളാകുന്നതിൽ സത്യസന്ധതയില്ല.

**ദാമ്പത്യബന്ധം നിലനിർത്തുക എന്നത് സഭ വളരെ ഗൗരവമായി എടുക്കുന്ന കാര്യമാണല്ലോ. അതിനുവേണ്ടി സഭ എന്തെല്ലാം ചെയ്യുന്നുണ്ട്, ചെയ്യേണ്ടതുണ്ട്?**

അർത്ഥവത്തായ ഒരു കുടുംബജീവിതത്തിന് ഗൗരവമായ ഒരുക്കം ആവശ്യമാണ്. കുടുംബജീവിതം ആരംഭിക്കുന്ന യുവതീയുവാക്കൾക്കുള്ള ഒരുക്കം, പഠനം എന്നതിനുപരി ഒരു ധ്യാനമായി മാറണം വിവാഹജീവിതത്തിന്റെ കൗദാശികത, ഉടമ്പടി സ്വഭാവം എന്നിവ ദമ്പതികൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കണം. ജീവിത പങ്കാളിയുടെ സ്വാതന്ത്ര്യം, തുല്യത, സ്വയം നിർണ്ണയാവകാശം, വ്യക്തിത്വം ഇവ പരസ്പരം അംഗീകരിച്ചുള്ള ഒരു കൂട്ടായ്മയായി വിവാഹത്തെ അവർക്കു മനസ്സിലാക്കിക്കൊടുക്കണം. ശക്തമായ ആത്മീക അടിസ്ഥാനം, സത്യസന്ധത, സ്നേഹം, പരസ്പരാദരവ്, ശുശ്രൂഷ എന്നിവയെല്ലാം കുടുംബാന്തരീക്ഷത്തിൽ സൃഷ്ടിക്കപ്പെടണം. ജീവിത പങ്കാളിയെ അയാൾ ആദരിക്കുന്ന നിലയിൽ അംഗീകരിക്കാനും ജീവിക്കുന്ന സാഹചര്യങ്ങളോട് പൊരുത്തപ്പെടാനും വൈവിധ്യങ്ങൾ ഉൾക്കൊള്ളാനും ദമ്പതികൾക്ക് സഭ ബോധവത്കരണ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതുണ്ട്. വിവാഹപൂർവ്വ കൗൺസെലിംഗ് പോലെ തന്നെ വിവാഹാനന്തര കൗൺസെലിംഗും ദമ്പതികൾക്കായി നടത്തണം. ഭർത്താവും ഭാര്യയും ഇടയ്ക്കിടയ്ക്ക് തങ്ങളുടെ വൈവാവിഹ ബന്ധം പുനഃപരിശോധിച്ച് തിരുത്തലുകൾ നടത്തുന്നതിനുള്ള അവസരവും സഭ ദമ്പതികൾക്കായി ഒരുക്കേണ്ടതാണ്. വിവാഹകൂദാശയിൽ ഇക്കാര്യം ശക്തമായി പുരോഹിതൻ അവതരിപ്പിക്കുന്നതോർക്കുക. വിവാഹകൂദാശയിൽ പങ്കെടുക്കുന്നവരോട് അദ്ദേഹം പറയുന്നു. “ഈ കല്പന നിങ്ങൾക്കെല്ലാവർക്കുമായിട്ടാണ് നൽകുന്നത്. നിങ്ങളിൽ ഓരോരുവനും/ഓരോരുവളും തന്റെ ജീവിത പങ്കാളിയോടുള്ള ബന്ധം എങ്ങനെ എന്നു പരിശോധിക്കുവിൻ.” ഈ ആഹ്വാനത്തിന്റെ സന്ദർഭവും കരുത്തും അത്യന്തം ഹൃദയസ്പർശകമാണ്. വൈവാഹിക ജീവിതത്തിൽ ക്ഷമയുടേയും പൊരുത്തപ്പെടലിന്റേയും നിരപ്പാകലിന്റേയും പ്രാധാന്യം ദമ്പതികൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കാനും സഭയ്ക്ക് ചുമതലയുണ്ട്. ഭവനസന്ദർശനം, കൗൺസെലിംഗ്, കുമ്പസാരശുശ്രൂഷ എന്നിവയിൽ വൈദീകർക്ക് ശരിയായ പരിശീലനം നൽകുവാനും സഭ നടപടി സ്വീകരിക്കേണ്ടതുണ്ട്.


**ഡയോസിഷൻ ബുക്ക് സെന്റർ**

**അരമന കോംപ്ലെക്സ്, മൂവാറ്റുപുഴ**

സഭാ സംബന്ധമായ എല്ലാ പ്രസിദ്ധീകരണങ്ങളും,
ആത്മീയ വേദശാസ്ത്ര ഗ്രന്ഥങ്ങളും,
ആരാധനയ്ക്കാവശ്യമായ മറ്റ് സാധനങ്ങളും
ഇവിടെ ലഭ്യമാണ്.

ലേഖനം

# യോഗയിലെ സൂര്യനമസ്കാരത്തിൽ ഒളിഞ്ഞിരിക്കുന്നത് മതമൗലികതയോ?

**അഡ്വ. വർഗ്ഗീസ് പി. തോമസ്**

യോഗദിനാചരണത്തിനെതിരായി ചില മുസ്ലീം സംഘടനകൾ ശക്തമായ എതിർപ്പ് പ്രകടിപ്പിക്കുകയുണ്ടായി. സൂര്യനമസ്കാരത്തിൽ നിന്നും യോഗ ദിനാചരണത്തിൽ നിന്നും ന്യൂനപക്ഷ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്നും അഭ്യർത്ഥിച്ചു. ഈ ആവശ്യം ഉന്നയിച്ചപ്പോൾ ബി.ജെ.പി.യുടെ പാർലമെന്റ് അംഗം ശ്രീ ആദിത്യനാഥ്, 'സൂര്യനമസ്കാരത്തെ എതിർക്കുന്നവർ കടലിൽ ചാടട്ടെ' എന്ന് ഒരു ചടങ്ങിൽ തുറന്നടിച്ചു. യോഗ മതേതരമല്ലെന്നും ഓം, സൂര്യനമസ്കാരം എന്നിവ യോഗയിൽ പരമപ്രധാനമാണെന്നും അവ ഇല്ലാത്ത യോഗ അപൂർണ്ണമാണെന്നും വിശ്വഹിന്ദു പരിഷത്ത് നേതാവ് വെട്ടിത്തുറന്നു പറഞ്ഞത് ജൂൺ 22 ലെ പല മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

എന്തുകൊണ്ടാണ് മുസ്ലീം സംഘടനകൾ സൂര്യനമസ്കാരത്തെ എതിർക്കുന്നത്? എന്തുകൊണ്ട് ക്രൈസ്തവർ ഇതിൽ മൗനം പാലിക്കുന്നു? ക്രൈസ്തവരും യഥാർത്ഥത്തിൽ സൂര്യനമസ്കാരത്തെ എതിർക്കേണ്ടതല്ലേ? ഈ കാര്യങ്ങൾ വിശകലനത്തിന് വിധേയമാക്കുമ്പോൾ നേർക്കാഴ്ചകൾക്ക് ഇടം നൽകും.

ശ്രീ. ശ്രീ. രവിശങ്കർ യോഗ ഒരു ആയോധന കലയാണെന്ന് തുടരെ പറയുന്നുണ്ട്. ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോഡിയുടെ ശ്രമത്തിൽ നൂറ്റി തൊണ്ണൂറ്റിരണ്ട് രാഷ്ട്രങ്ങളിൽ യോഗാഭ്യാസം നടത്തുന്ന ആശയം അംഗീകരിക്കപ്പെട്ടു. എല്ലാം ഭാരത സംസ്കാരത്തിന്റെ നേട്ടമായി കരുതാം. ഭാരതീയ. ഋഷീശ്വരന്മാരുടെ ജ്ഞാനദൃഷ്ടിയിലൂടെ ഉരുത്തിരിഞ്ഞു വന്ന ഒരു ശാസ്ത്രമാണ് യോഗ. പതഞ്ജലി മഹർഷിയാണ് ഇവയെല്ലാം ക്രോഡീകരിച്ച് ഈ സൂത്രത്തിന് ജന്മം നൽകിയത്. ആയതിനാൽ ഇതിനെ പതഞ്ജലി യോഗസൂത്ര എന്നും പറയുന്നു. യോഗ എന്നാൽ സംയോഗം അല്ലെങ്കിൽ ചേർച്ച എന്നൊക്കെ പറയാം. ജീവാത്മാവിനും പരമാത്മാവിനും തമ്മിൽ ചേർച്ച ഉണ്ടാക്കുന്ന ഒരു ജീവതചര്യയായി ഇതിനെ കാണണമെന്ന് പഠിപ്പിക്കുന്നു.

യോഗ യഥാർത്ഥത്തിൽ ഒരു വ്യായാമ കലയാണ്. ഇത് ഏതെങ്കിലും ഒരു മതവിഭാഗത്തിന്റെയോ രാഷ്ട്രീയ പാർട്ടിയുടേതായോ ആയി വ്യാഖ്യാനിക്കുന്നത് അനുചിതമാണ്. ആദ്യത്തെ മതമോ വിശ്വാസ വ്യവസ്ഥിതിയോ വരുന്നതിനു മുമ്പ് യോഗയുടെ വിവിധ ഭാവങ്ങൾ നിലവിലുണ്ടായിരുന്നു. സിന്ധുനദിതട സംസ്കാരത്തിൽ നിന്ന് ഉടലെടുത്തതാണ് യോഗ എന്നു കരുതപ്പെടുന്നുണ്ട്. വേദകാലഘട്ടത്തിനു മുൻപ് ഇതു നിലവിലുണ്ടായിരുന്നെങ്കിലും ബി. സി. അഞ്ച്, ആറ് നൂറ്റാണ്ടുകളിൽ ഭാരതത്തിലെ ഋഷീവരൻമാരാണ് ഇതു ക്രമപ്പെടുത്തിയത്. അശോക ചക്രവർത്തിയുടെ കാലത്ത് ഭാരതത്തിലെ ഏറ്റവും പ്രധാനപ്പെട്ട മതം ബുദ്ധമതമായിരുന്നു. അഹിംസയുടെ സുവർണകാലഘട്ടം. അതിനു ശേഷം ഗുപ്ത സാമ്രാജ്യത്തിന്റെ വളർച്ചയിൽ ഹിന്ദുമതം തഴച്ചു വളർന്നു. എന്നാൽ യോഗ മതവുമായി ബന്ധിച്ച് ഹൈന്ദവവൽക്കരിക്കുന്നതാണ് പ്രശ്നങ്ങൾക്കു കാരണമാകുന്നത്.

യോഗയിലെ സൂര്യനമസ്കാരമാണല്ലോ പ്രതിപാദ്യ വിഷയം. ഹൈന്ദവ ഇതിഹാസങ്ങളിലും പുരാണങ്ങളിലും സൂര്യന് ദേവസ്ഥാനമാണ് നൽകിയിരിക്കുന്നത്. മഹാഭാരതത്തിൽ പ്രജാപതിയുടെ പുത്രനാണ് സൂര്യൻ. ഏഴു വെള്ള കുതിരകൾ വലിക്കുന്ന എഴുപതിനായിരം യോജന നീളമുള്ള ഒരു രഥത്തിൽ കിഴക്കു നിന്ന് പടിഞ്ഞാറേക്ക് നിത്യവും സൂര്യൻ എഴുന്നള്ളുന്നതായി പ്രതിപാദിക്കുന്നു. അറിവിന്റെയും ആരോഗ്യത്തിന്റെയും ദേവസ്ഥാനത്താണ് സൂര്യനെ ആരാധിക്കേണ്ടത്. വേദങ്ങളും പുരാണങ്ങളും സൂര്യപ്രീതിക്കായുള്ള മന്ത്രങ്ങളും സ്തോത്രങ്ങളും ധാരാളം ഉണ്ട്.

രാമായണത്തിൽ സൂര്യന് ദേവസ്ഥാനം നൽകുന്നത് മറ്റൊരു കാരണത്താലാണ്. ശ്രീരാമൻ സൂര്യവംശത്തിൽ ജനിച്ചവനാണെന്നു വിശ്വസിക്കുന്നു. രാമായണം എന്നാൽ പ്രകാശത്തിലേക്ക് കയറുക എന്ന് അർത്ഥമാക്കുന്നു. അതായത് ഈശ്വരൻ പ്രകാശമാണ്. മറ്റൊരർത്ഥത്തിൽ ഈശ്വരനെ ഈശ്വര പ്രതീകമായ സൂര്യനിലൂടെ ദർശിക്കണം. ഋഗ്വേദത്തിൽ 'സൂര്യ ആത്മ ജഗതസ്ത സുഷശ്ച' എന്നാൽ ചരാചരങ്ങളുടെ ആത്മാവ് സൂര്യനാകുന്നു എന്നാണ്. സൂര്യപ്രകാശത്തിൽ നിന്ന് സൂര്യനെ വീക്ഷിച്ച് ഗായത്രി മന്ത്രം ജപിച്ചാൽ സാധകനു പ്രകാശിക്കുവാൻ കഴിയുമെന്നു പറയുന്നു.

യോഗയിൽ സൂര്യനമസ്കാരം എന്നു പറയുമ്പോൾഗായത്രീ മന്ത്രത്തെ ഒരിക്കലും ഇതിൽ നിന്നം ഒഴിവാക്കുവാൻ സാധിക്കുകയില്ല.നാം കേൾക്കാറുള്ള ഗായത്രീ മന്ത്രം ചൊല്ലുന്നതിന്റെ പിന്നിലുള്ള ഉദ്ദേശ്യവും അർത്ഥവും മനസ്സിലാക്കിയിരിക്കണം. സൂര്യഗായത്രി മന്ത്രത്തിലെ പ്രധാന വരികൾ ഇപ്രകാരമാണ്.

"ഓം ഭുർ ഭുവഃ സ്വഃ
തത് സവിതുർ വരേണ്യം"

ഇവിടെ സൂര്യനെ പരമാത്മാവായ ഈശ്വരനായിട്ടാണ് കണക്കാക്കപ്പെടുന്നത്. സൂര്യന്റെ ദിവ്യവും ശ്രേഷ്ഠവുമായ ആ തേജസ്സിനെ

ധ്യാനിക്കുന്നു. അതിനെ ആരാധിക്കുന്നു. ആ തേജസ്സ് ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കട്ടെ. ഈ അർത്ഥവും ആഗ്രഹവും ഉൾക്കൊണ്ടു വേണം മന്ത്രം ഉച്ചരിക്കുവാൻ. യോഗ ആചരിക്കുന്നവൻ ആത്മാർത്ഥത ഇല്ലാതെ യാന്ത്രികമായ രീതിയിൽ ഏത് വ്യായാമ കല ചെയ്താലും ഉദ്ദേശിച്ച ഫലം ലഭിക്കുകയില്ല. ശരീരത്തിന്റെയും മനസ്സിന്റെയും ആത്മാർത്ഥമായ ഏകാഗ്രത സാധകനിൽ ഉണ്ടായിരിക്കണം.

വിവിധ രാജ്യങ്ങളിൽ സൂര്യന് വിവിധങ്ങളായ വിശേഷണങ്ങൾ നൽകിയിട്ടുണ്ട്. ഉദാഹരണത്തിന് പ്രാചീന ഈജിപ്തുകാരുടെ സൂര്യദേവൻ ഗ്രീക്ക് ഐതിഹാസങ്ങളിലെ ഹീലിയോസ് ആണ്.

ശാസ്ത്ര ലോകത്തിന്റെ കണ്ടെത്തലുകളും കണക്കുകളും പരിശോധനയ്ക്കു വിധേയമാക്കിയാൽ അന്ധമായ ചില വിശ്വാസങ്ങൾക്കു മാറ്റം വരുവാൻ കാരണമാകും. ശാസ്ത്രം പുരോഗമിക്കുന്നതിനുസരിച്ച് പല വിശ്വാസങ്ങളും ചീട്ടുകൊട്ടാരം പോലെ തകരുമെന്നതിനു സംശയമില്ല. ശാസ്ത്രത്തിന്റെ കണക്കുകൂട്ടലുകൾ അനുസരിച്ച് സൗരയൂഥത്തിന്റെ കേന്ദ്രമായ സൂര്യനു ചുറ്റുമാണ് മറ്റു ഗ്രഹങ്ങൾ ഭ്രമണം ചെയ്യുന്നത്. ഭൂമയിട് ഏറ്റവും അടുത്തു സ്ഥിതി ചെയ്യുന്ന നക്ഷത്രമാണ് സൂര്യൻ. ഇപ്രകാരമുള്ള അനേകം സൗരയൂഥങ്ങൾ ആകാശമണ്ഡലങ്ങളിൽ ഉണ്ട്. ഭൂമിയിൽ നിന്ന് സൂര്യനിലേക്ക് ശരാശരി ദൂരം 149.8 ദശലക്ഷം കിലോമീറ്റർ ആണ്. ശാസ്ത്രലോകം സൂര്യന് 500 കോടി വർഷം പ്രായം കണക്കാക്കുന്നു.

രോഗപ്രതിരോധം, ആരോഗ്യ സംരക്ഷണം, ഏകാഗ്ര മനസ്സ് എന്നിവയ്ക്കു വേണ്ടിയാണ് യോഗ ചിട്ടപ്പെടുത്തിയിരിക്കുന്നത്. യഥാർത്ഥത്തിൽ സൂര്യാരാധനയെ ആണ് എതിർക്കുന്നത്. സൂര്യനെ നോക്കുന്നത് സൂര്യാരാധനയായി കണക്കാക്കുന്നത് ശരിയല്ല. നോക്കുമ്പോൾ അതു സൂര്യദേവനാണെന്ന ധാരണയാണ് തെറ്റ്. ആ മാനസികാവസ്ഥ മാറ്റിയെടുത്തു പ്രഭാത കാലസൂര്യകിരണങ്ങളും സായംകാല കിരണങ്ങളും ത്വക്കിനും കണ്ണിനും ഫലപ്രദമാണെന്നു ചിന്തിച്ച് സൂര്യനെ നോക്കി വ്യായാമം ചെയ്യുന്നതു തെറ്റല്ല.

അടിസ്ഥാനപരമായി മുസ്ലീങ്ങളും ക്രൈസ്തവരും സൂര്യനമസ്കാരത്തെ എതിർക്കുവാൻ കാരണങ്ങൾ ഉണ്ട്. മോശെയുടെ പഞ്ചഗ്രന്ഥങ്ങൾ ആയ. ഉല്പത്തി, പുറപ്പാട്, ലേവ്യാ, സംഖ്യ, ആവർത്തനം, എന്നിവകൾ അല്സ്വല്പ വ്യത്യാസങ്ങൾ ഒഴികെ യഹൂദൻമാർ ഉൾപ്പെടെ ഒരു പോലെ സ്വീകരിക്കപ്പെട്ടവയാണ്. പത്തു കല്പനകൾ ഈ മൂന്നു വർഗ്ഗങ്ങളുടെയും അടിസ്ഥാന പ്രമാണവും വിശ്വാസവുമാണ്. അതിൽ രണ്ടാം പ്രമാണം ഇങ്ങനെ പറയുന്നു: വിഗ്രഹം ഉണ്ടാക്കരുത്. മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെ പ്രതിമയും അരുത്. അവയെ നമസ്ക്കരിക്കുകയോ സേവിക്കുകയോ ചെയ്യരുത്. (പുറപ്പാട് 20:4-5) ഇവിടെ ദൈവത്തെ അല്ലാതെ യാതൊന്നിനെയും നമസ്ക്കരിക്കുകയോ ആരാധിക്കുകയോ ചെയ്യരുതെന്ന് കർശനമായി കല്പിക്കുന്നു. സൂര്യനമസ്കാരത്തെ ദൈവം വെറുക്കുന്നതായും അതിനു ശിക്ഷ നൽകുമെന്നും എടുത്തു പറയുന്നു ഭാഗം ആവർത്തന പുസ്തകത്തിലുണ്ട്. നീ ആകാശ സൈന്യമായ സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കിക്കാണുമ്പോൾ അവയെ നമസ്ക്കരിക്കുവാനും സേവിക്കാനും വശീകരിക്കപ്പെടരുത്. അവയെ നിന്റെ ദൈവമായ യഹോവ ആകാശത്തിൻ കീഴെങ്ങുമുള്ള സർവ്വ ജാതികൾക്കും പങ്കിട്ടു കൊടുത്തിരിക്കുന്നു. (ആവർത്തനം4:19). ഇവിടെ അർത്ഥമാക്കുന്നത് സർവ്വത്തിന്റെയും സ്രഷ്ടാവ് യഹോവ ആകുന്നു. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവയെല്ലാം സൃഷ്ടിച്ചിരിക്കുന്ന യഹോവയെ നമസ്കരിക്കണമെന്നും അല്ലാതെ സൃഷ്ടിയെ അല്ല നമസ്കരിക്കേണ്ടത് എന്നുമാകുന്നു. ഇവകളിൽ നിന്നും ഉണ്ടാകുന്ന പ്രകാശവും ചൂടും നന്മകളും നൽകിയതും യഹോവ എന്നു വിശ്വസിക്കണം. അല്ലാതെ വശീകരിക്കപ്പെടുവാൻ ഇടയാകരുതെന്നും താക്കീതു നൽകി ഓർമ്മിപ്പിക്കുകയാണ്.

ബൈബിളിലെ യഹസ്കേൽ പ്രവാചകൻ കണ്ട ദർശനവും ഇവിടെ പ്രസക്തമായി തോന്നുന്നു. ആ പ്രവാചകൻ കാണുന്നത് ഇങ്ങനെ. അവൻ എന്നെ യഹോവയുടെ ആലയത്തിന്റെ അകത്തെ പ്രാകാരത്തിൽ കൊണ്ടുപോയി. യഹോവയുടെ മന്ദിരത്തിന്റെ വാതിൽക്കൽ മണ്ഡപത്തിനും യാഗപീഠത്തിനും നടുവെ ഏകദേശം ഇരുപത്തഞ്ചു പുരുഷൻമാർ തങ്ങളുടെ മുതുകു യഹോവയുടെ മന്ദിരത്തിന്റെ നേരെയും മുഖം കിഴക്കോട്ട് തിരിച്ചുകൊണ്ടും നിന്നിരുന്നു. അവർ കിഴക്കോട്ടു നോക്കി സൂര്യനെ നമസ്ക്കരിക്കുകയായിരുന്നു. (യഹസ്കേൽ 8:16) യഹൂദഗൃഹം അതിവിശുദ്ധ സ്ഥലത്തിനും നിയമ പെട്ടകത്തിനും പുറംതിരിഞ്ഞ്, നിന്നുകൊണ്ട് കിഴക്കോട്ടു നോക്കി അഗ്നി ആരാധകരെ പോലെ പുരുഷൻമാർ സൂര്യനമസ്കാരം ചെയ്യുകയായിരുന്നു എന്നു സാരം. ഇതിനാൽ യഹോവ കോപിച്ചു എന്ന് ആ ഭാഗത്തിനു താഴേക്ക് എഴുതിയിട്ടുണ്ട്.

രാമായണത്തിലെയോ മഹാഭാരതത്തിലെയോ അല്ലെങ്കിൽ പുരാണങ്ങളിൽ പറയുന്ന കഥാപാത്രങ്ങളെയോ മറ്റു മതസ്ഥർ എതിർക്കുന്നു എന്ന അർത്ഥം നൽകരുത്. അല്ലെങ്കിൽ യോഗയെയോ സൂര്യനമസ്കാരത്തെയോ അടിസ്ഥാനമില്ലാതെ എതിർക്കുന്നു എന്ന സന്ദേശം അല്ല ഇവിടെ നൽകുന്നത്. ഹൈന്ദവ വിശ്വാസികളായ സഹോദരങ്ങളുടെ വിശ്വാസങ്ങളും പ്രമാണങ്ങളും അവരെ രക്ഷിക്കട്ടെ. എന്നാൽ ചില ആചാരങ്ങൾ സ്വീകരിക്കുന്നതിന് ബുദ്ധിമുട്ടുകൾ വരുമ്പോൾ അത് എതിർപ്പായി കാണുന്ന ഒരു വിഭാഗം ജനങ്ങളുണ്ട്. അല്ലെങ്കിൽ എന്തിനാണ് എതിർക്കുന്നെതന്നു സംശയി

ക്കുന്നവർ ഉണ്ടാകാം. ഹൈന്ദവ വിശ്വാസം അനുസരിച്ച് എല്ലാ ചരാചരങ്ങളിലും ഓരോ തൂണിലും തുരുമ്പിലും ഈശ്വരനുണ്ടെന്നു വിശ്വസിക്കുന്നു. അതിനാൽ അപ്രകാരം വിശ്വസിക്കുന്നവർക്ക് ഏതു സൃഷ്ടിയെയും ആരാധിക്കുന്നതിന് തടസ്സമോ എതിർപ്പോ ഇല്ല. എന്നാൽ ക്രൈസ്തവരുൾപ്പെട്ട മതസ്ഥർ സ്രഷ്ടാവിനെ ആരാധിക്കണമെന്നും അല്ലാതെ സൃഷ്ടിയെ ആരാധിച്ചാൽ ബിംബാരാധന ആകുമെന്നും അതുമൂലം ശിക്ഷയ്ക്ക് വിധേയമാകുമെന്നും വിശ്വസിക്കുന്നു.

പുരാണങ്ങളിൽ പറഞ്ഞിരിക്കുന്ന കഥാപാത്രങ്ങളെയും പ്രതീകാത്മസ സംഭവങ്ങളെയും അവയ്ക്കു ചുറ്റും നടത്തുന്ന വിവരണങ്ങളെയും കേൾക്കുമ്പോഴും വായിക്കുമ്പോഴും ചില സാമ്യങ്ങൾ ഉണ്ടെന്നു നമുക്ക് തോന്നുന്ന സന്ദർഭങ്ങൾ വരാം. നല്ല സാരാംശങ്ങളും പദങ്ങളും പാഠങ്ങളും അവയിലുണ്ട്. ആ സംഭവത്തിലും കഥയിലും പറയുന് ചില ചുറ്റുപാടുകളും സാഹചര്യങ്ങളും ഏറെക്കുറെ നമ്മുടെ ജീവിതത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്നവയാണെന്നു തോന്നാം. ഇതു ചില സന്ദർഭങ്ങളിൽ നമ്മുടെ ഹൃദയത്തെ ഗൂഢമായി വശീകരിക്കപ്പെടുന്നില്ലെ എന്നു സന്ദേഹിക്കുന്നു. മാത്രമല്ല ഏകദൈവ വിശ്വാസികളായവർക്ക് മറ്റൊന്നിലേക്ക് ഏകാഗ്രത മാറ്റുവാൻ മാനസികമായ ബുദ്ധിമുട്ട് ഉണ്ടാകും എന്നത് ഒരു നഗ്നസത്യമാണ്.

ഇയ്യോബിന്റെ പുസ്തകത്തിൽ പാപം ചെയ്യുവാൻ വശീകരിക്കപ്പെടുന്ന ഒരു സന്ദർഭത്തെപ്പറ്റി പറയുന്നതു ശ്രദ്ധിക്കുക. സൂര്യൻ പ്രകാശിക്കുന്നതോ ചന്ദ്രൻ ശോഭയോടെ ഗമിക്കുന്നതോ കണ്ടിട്ടാ എന്റെ ഹൃദയം ഗൂഢമായി വശീകരിക്കപ്പെടുകയും എന്റെ വായ് എന്റെ കൈയ്യെ ചുംബിക്കുകയും ചെയ്തുവെങ്കിൽ, അതു ന്യായാധിപൻമാർ ശിക്ഷിക്കേണ്ടുന്ന കുറ്റമത്രെ. അതിനാൽ ഉയരത്തിലെ ദൈവത്തെ ഞാൻ നിഷേധിച്ചു എന്നു വരുമല്ലോ. (ഈയ്യോബ് 32:26–28). സൂര്യൻ പ്രകാശിക്കുന്നതു കണ്ടിട്ടും ചന്ദ്രൻ ശോഭയോടെ ഗമിക്കുന്നതു കണ്ടിട്ടും അതിനോട് ആരാധന തോന്നിയാൽ നമ്മുടെ ഹൃദയം ഗൂഢമായി വശീകരിക്കപ്പെടുന്നതിന്റെ ലക്ഷണമായി കണക്കാക്കാം. ആ വശീകരണം മൂലം ഉയരത്തിലെ ദൈവത്തെ ഹൃദയത്തിൽ നിന്ന സാവധാനം മാറ്റുന്നതിന്റെ ആദ്യപടിയായി ഇതു വ്യാഖ്യാനിക്കുന്നു.

യോഗ, വ്യായാമ കലയാണെന്ന് ആദ്യം പരാമർശിച്ചതാണ്. എല്ലാ മതത്തിനും സമുദായത്തിനും വ്യായാമ കലകളുണ്ട്. ഏത് വ്യായാമ കലയിലും ആത്മീയതയുടെ അടിസ്ഥാനമുണ്ട്. നല്ലതു തെരഞ്ഞെടുക്കുവാൻ മനുഷ്യന് സ്വാതന്ത്ര്യമുണ്ടെങ്കിലും നല്ലതിൽ നല്ലത് എന്തുകൊണ്ട് തെരഞ്ഞെടുത്തുകൂടാ? ക്രൈസ്തവ സമുദായത്തിൽ പൗരസ്ത്യസഭകളുടെ ആത്മീയ വ്യായാമ കലയാണ് നോമ്പും നമസ്കാരവും ധ്യാനവും. മറ്റു സഭകൾക്കും തത്തുല്യമായ ആത്മീ. വ്യായാമ ശീലങ്ങൾ ഉള്ളതു വിസ്മരിക്കുന്നില്ല. മനസ്സിനെയും ശരീരത്തെയും ഏകാഗ്രതയിൽ എത്തിച്ച്, സ്രഷ്ടാവിലേക്ക് ആത്മീയയാത്ര നടത്തുവാൻ പ്രാപ്തരാക്കുന്ന ജീവിതചര്യയാണിത്. ഒരു ദിവസത്തെ ഏഴു യാമങ്ങളായി തിരിച്ച് ഓരോ യാമത്തിലും സ്രഷ്ടാവാം ദൈവത്തെ പ്രതീകാത്മകമായി കുരിശുവരച്ച്, കുമ്പിട്ട്, ദൈവമേ എന്നോട് കരുണ തോന്നേണമേ! എന്ന് നമസ്കരിച്ച് പ്രാർത്ഥിക്കുന്നു. ഇതിന് യേശുമന്ത്രം എന്നു പൊതുവേ പറയാം. ഒരാണ്ടിൽ മൂന്ന്, പതിമൂന്ന്, പതനഞ്ച്, ഇരുപത്തഞ്ച്, അൻപത് എന്നീ ക്രമത്തിലുള്ള ദിവസങ്ങളിലും ആഴ്ചയിൽ രണ്ടു ദിവസവും നോമ്പ് പൗരസ്ത്യസഭയിലുള്ളവർ അനുഷ്ഠിക്കുന്നു. ഒരാണ്ടിൽ 365 ദിവസം ഉള്ളതിൽ പകുതിയിലധികം ദിനങ്ങൾ വ്രതശുദ്ധിയിൽ കഴിയുവാൻ സഭ നിർദ്ദേശിക്കുന്നു. ഇതിനോടൊപ്പമുള്ള ധ്യാനം ലക്ഷണമൊത്ത ദിനചര്യയായി പാശ്ചാത്യ പൗരസ്ത്യ സഭാ പിതാക്കൻമാർ അംഗീകരിച്ചിട്ടുള്ളതാണ്. സ്വന്ത ശരീരത്തിനും മനസ്സിനും രോഗവിമുക്തി വരുത്തി പ്രശാന്തചിത്തരായി ഈ ലോകത്തും മറുലോകത്തും ജീവിക്കുവാൻ ഉപകരിക്കുന്ന ആത്മീയ വ്യയാമ കലയാണ് പൗരസ്ത്യ സഭകൾ ആവിഷ്കരിച്ചിരിക്കുന്നതും ആചരിച്ചു പോരുന്നതും. ഈ അനുഷ്ഠാനത്തെയോ മറ്റുക്രിസ്തീയ സഭകളുടെ അനുഷ്ഠാനങ്ങളെയോ ആധുനിക ശാസ്ത്രത്തിനും മറ്റു മതസ്ഥർക്കും വെളിപ്പെടുത്തി, പരിചയപ്പെടുത്തിടുക്കുവാൻ ക്രൈസ്തവ സമൂഹം ശ്രമിച്ചിട്ടില്ല.

ഈ അനുഷ്ഠാനം മറ്റൊന്നിനു ബദലായി ആവിഷ്കരിച്ചതല്ല. ഇതിനെപ്പറ്റി അറിയുമ്പോൾ അറിയട്ടെ എന്ന മനോഭാവം ക്രൈസ്തവ സമൂഹം മാറ്റേണ്ടിയിരിക്കുന്നു. വ്യായാമ കലയായ യോഗയെയും സൂര്യനമസ്കാരത്തെയും അന്ധമായി എതിർക്കുവാനല്ല, മറിച്ച് അത് ഹിന്ദുത്വ നിർദ്ദേശമനുസരിച്ച് ആചരിക്കുവാനുള്ള മാനസിക ബുദ്ധിമുട്ട് ക്രൈസ്തവ സഭയ്ക്ക് ഉണ്ടെന്നു വ്യക്തമാക്കുവാൻ സഭാ നേതൃത്വം കടപ്പെട്ടിരിക്കുന്നു. മൗനം വെടിഞ്ഞ് ഉള്ളതു തുറന്നു പറയുവാൻ നേതൃത്വം തയ്യാറാകണം. ചിലരുടെ അഭിപ്രായങ്ങളും തുറന്നടിച്ച് പ്രഖ്യാപനങ്ങളും കേൾക്കുമ്പോഴും വായിക്കുമ്പോഴും മതമൗലികതയല്ലേ എന്നു തോന്നിപ്പോകുന്നതിൽ തെറ്റില്ല.

## അറിയിപ്പ്

രണ്ടുവർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

| | |
|---|---|
| 1 വർഷത്തേക്ക് | – 100 രൂ. |
| ആയുഷ്ക്കാലം | – 1000 രൂ. |
| വിദേശത്ത് | – 6000 രൂ. (100 ഡോളർ) |

RNI No. KERMAL/2012/46014
Reg. No. KL/ALY/0067/2013-2015
Date of Publication 15-09-2015
Price Rs. 10/-
Licence No. KL/CR/ALU/WPP-02/2013-15
Licensed to Post Without Pre-payment



## ഓണാഘോഷം നടന്നു

കൂത്താട്ടുകുളത്തിനു സമീപം വടകരയിൽ പ്രവർത്തിച്ചു വരുന്ന സന്തുല ട്രസ്റ്റ് ഹോസ്പിറ്റലിലെ 2015-ാം വർഷത്തെ ഓണാഘോഷ പരിപാടികൾ ആഗസ്റ്റ് 26-ാം തീയതി ബുധനാഴ്ച സമാപിച്ചു. പത്തു ദിവസം നീണ്ടുനിന്ന ആഘോഷങ്ങളുടെ ആദ്യത്തെ ഒൻപതു ദിവസം സന്തുല കുടുംബാംഗങ്ങൾക്കുവേണ്ടിയുള്ള വിവിധ കായിക-കലാമത്സരങ്ങളാണ് ഉണ്ടായിരുന്നത്. എന്നാൽ ഓണപ്പാട്ട്, തിരുവാതിരകളി എന്നീ ഗ്രൂപ്പിനങ്ങൾ 26-ാം തീയതിയിലെ പൊതുസമ്മേളനത്തിലാണ് അവതരിപ്പിക്കപ്പെട്ടത്. കൂത്താട്ടുകുളം മേരിഗിരി ജൂനിയർ കോളേജ് പ്രിൻസിപ്പൽ ഫാ. മൈക്കിൾ ജോർജ്ജ് ആയിരുന്നു സമാപന സമ്മേളനത്തിലെ മുഖ്യ അതിഥി.

സന്തുല ട്രസ്റ്റ് വൈസ് പ്രസിഡന്റ് തോമസ് പുളിക്കീൽ പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. മാനേജ്മെന്റ്, സ്റ്റാഫ്, അന്തേവാസികൾ എന്നിവർ ഉൾപ്പെടുന്ന സന്തുലാ കുടുംബം എല്ലാവർഷവും ഓണക്കാലം ഉത്സവദിനങ്ങളായി ആഘോഷിക്കുന്ന കാര്യം അദ്ദേഹം തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ അനുസ്മരിച്ചു. ആശുപത്രി ഡയറക്ടറും മുഖ്യ ക്ലിനിക്കൽ സൈക്കോളജിസ്റ്റുമായ ഫാ. എഡ്വേർഡ് ജോർജ്ജ് സമ്മേളനത്തിന് സ്വാഗതം ആശംസിച്ചു. ഇന്ത്യയുടെ മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾകലാം ഭാരതീയർക്കു നിർദ്ദേശിച്ച സുന്ദരസ്വപ്നങ്ങൾ പോലെയുള്ള ഒന്നാണ് ഓണസങ്കല്പം എന്ന് ഫാ. മൈക്കിൾ ജോർജ്ജ് തന്റെ മുഖ്യ പ്രഭാഷണത്തിൽ പ്രസ്താവിച്ചു. ആതുര സേവനമേഖലയിൽ മാത്രമല്ല കലാരംഗത്തും സന്തുലാസ്റ്റാഫ് ഉന്നത നിലവാരം പുലർത്തുന്നതിൽ അദ്ദേഹം അവരെ അഭിനന്ദിച്ചു. മത്സരവിജയികൾക്ക് അദ്ദേഹം സമ്മാനങ്ങൾ വിതരണം ചെയ്തു. സന്തുലാ ട്രസ്റ്റ് സെക്രട്ടറി എൻജി. എ. പി. സെൽവിൻ എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു.

ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ ശാലിനി ജൂലി മാത്യു, മുഖ്യ സൈക്കോളജിക്കൽ സോഷ്യൽ വർക്കർ ദീപ്തി കൃഷ്ണൻ, റിസപ്ഷനിസ്റ്റ് സീജ, റ്റി.സി. തങ്കച്ചൻ എന്നിവർ ആഘോഷപരിപാടികൾക്ക് നേതൃത്വം നൽകി.

## പ്രഥമ ശില സ്ഥാപിച്ചു

കണ്ടനാട് (E) ഭദ്രാസനം അതിലെ സന്യാസ വൈദീകരുടെ ആസ്ഥാനമായി ഒരു ദയറാ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. അതിനുവേണ്ടി സൗത്ത് ഓണക്കൂറിൽ മംഗലശ്ശേരി ഭാഗത്ത് രണ്ട് ഏക്കറോളം സ്ഥലമെടുത്തു. ദയറാ കെട്ടിടത്തിന്റെ പ്രഥമശിലാസ്ഥാപനം 2015 ആഗസ്റ്റ് 19-ാം തീയതി ബുധനാഴ്ച വൈകുന്നേരം കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ ഡോ. തോമസ് മാർ അത്താനാസ്യോസ്, അമേരിക്കൻ ഭദ്രാസനത്തിന്റെ സക്കറിയാസ് മാർ നിക്കോളാവോസ് എന്നീ മെത്രാപ്പോലീത്താമാരുടെ നേതൃത്വത്തിലും ധാരാളം വൈദീകരുടേയും സന്യാസിനികളുടേയും ഭക്തജനങ്ങളുടേയും പങ്കാളിത്തത്തിലും നടന്ന ആത്മീയ ശുശ്രൂഷകൾക്കൊടുവിൽ കിഴക്കമ്പലം ബത്‌ലഹേം കോൺവെന്റിലെ മുൻ മദർസുപ്പീരിയർ എലിസബത്ത് നിർവ്വഹിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ അഭി. നിക്കോളാവോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷനായിരുന്നു. ദയറാ പ്രസ്ഥാനത്തിന്റെ പ്രാധാന്യവും വിശുദ്ധിയും സന്യാസ വൈദീകരുടെ പ്രത്യേക സേവനങ്ങളും അദ്ധ്യക്ഷ പ്രസംഗത്തിൽ തിരുമേനി എടുത്തു പറഞ്ഞു. ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ആമുഖ പ്രസംഗത്തിൽ മലങ്കര സഭയിലെ ദയറാ പ്രസ്ഥാനത്തിന്റെ ചരിത്രവും അത് വടക്കൻ മേഖലകളിൽ വേണ്ടത്ര വളർച്ച പ്രാപിച്ചിട്ടില്ല എന്ന വസ്തുതയും സൂചിപ്പിച്ചു. പുതിയ ദയറായ്ക്കുവേണ്ടി വലിയ തുകകൾ സംഭാവന നൽകിയിട്ടുള്ള സന്യാസ വൈദീകരേയും അമേരിക്കൻ ഭദ്രാസനത്തിലെ ഫാ. സി.ഒ. വർഗീസിനെയും തിരുമേനി അഭിനന്ദിച്ചു. കണ്ടനാട് ഈസ്റ്റ് ഭദ്രാസന സെക്രട്ടറി ഫാ. എബ്രാഹാം കാരാമേൽ പുതിയ പ്രസ്ഥാനത്തിന് ആശംസകൾ നേർന്നു. ദയറാ പ്രവർത്തകരായ കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ സ്വാഗതവും ഫാ. എബിൻ എബ്രാഹം കൃതജ്ഞതയും ആശംസിച്ചു. 5.30 ന് ചടങ്ങുകൾ സമാപിച്ചു.

## ഹോമിയോ ഡിപ്പാർട്ട്മെന്റ് ആരംഭിക്കുന്നു

കൂത്താട്ടുകുളം: സന്തുല ട്രസ്റ്റ് ആശുപത്രിയിൽ ഹോമിയോ ഡിപ്പാർട്ട്മെന്റ് ഉടനെ പ്രവർത്തനം ആരംഭിക്കുന്നു. സാധാരണ ശാരീരിക രോഗങ്ങൾക്കു പുറമേ, മാനസിക പ്രശ്നങ്ങൾ, മദ്യാസക്തി, മയക്കുമരുന്നുപയോഗം, കുട്ടികളുടെ പഠന വൈകല്യങ്ങൾ എന്നിവയ്ക്കും ഹോമിയോ ചികിത്സ ഇവിടെ ലഭ്യമാകും. ഉദ്ഘാടനം ഈ മാസാവസാനത്തോടെ ഉണ്ടാകും.

അന്വേഷണങ്ങൾക്ക് ഫോൺനമ്പർ: 9447575034

## സ്പീച്ച് തെറാപ്പി തുടങ്ങുന്നു

സന്തുല ട്രസ്റ്റ് ആശുപത്രിയിൽ സ്പീച്ച് തെറാപ്പി 2015 സെപ്റ്റംബർ അവസാനത്തോടെ പുനരാരംഭിക്കും. സംസാര തടസ്സമുള്ളവർക്കും സംസാരശേഷി നേടാൻ താമസമുള്ള കുട്ടികൾക്കും വിക്ക്, അക്ഷരശുദ്ധിയില്ലായ്മ മുതലായ വൈകല്യങ്ങൾക്കും ആശുപത്രിയിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്ത് ചികിത്സ സ്വീകരിക്കാവുന്നതാണ്.

അന്വേഷണങ്ങൾക്ക് ഫോൺനമ്പർ: 0485-2250745

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha